OASIS NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol.2 Book.11 Regd. No. ER/450/2001 1196 തുലാം-വൃശ്ചികം Date: 30.11.2020

## പത്രാധിപക്കുറിപ്പ്

# പ്രകാശരേണുക്കൾ അരികെ.....

കെ രാജീവൻ, പ്രസിഡന്റ്



ചില കാര്യങ്ങൾ അങ്ങനെയാണ്. പ്രതീക്ഷിക്കാൻ ഇനി വലുതായൊന്നും ശേഷിച്ചിട്ടില്ലാ എന്ന് നിലയിൽ ആശയ വസാനിപ്പിച്ച് സ്വയം വെറുക്കുന്ന അവസ്ഥയിലേക്ക് ഏതാണ്ട് എത്തിനിൽക്കുന്ന ഘട്ടത്തിൽ കരിഞ്ഞുണങ്ങിയ പ്രതീക്ഷകൾക്കിടയിലൂടെ വീണ്ടും നമ്മെ മുഖം കാണിക്കാനെത്തുന്ന തളിരില പോലെ ചിലത്. അത്തരത്തിലുള്ള ഒന്നായിരുന്നു ഈ കഴിഞ്ഞ ഒക്ടോബർ മുപ്പതിന് ഹിന്ദു ബിസിനസ് ലൈൻ പത്രം നാലുകോളം വാർത്തയായി നമുക്കിടയിലേക്ക് നീട്ടി നൽകിയ കേന്ദ്ര ധനമന്ത്രി ശ്രീമതി. നിർമ്മല സീതാരാമനുമായി നടത്തിയ അഭിമുഖത്തിന്റെ സമ്പൂർണരൂപം.

എട്ടു ലക്ഷത്തിലധികം വരുന്ന ഇന്ത്യയിലെ ബാങ്ക് ജീവനക്കാരുടെ സേവന വേതന പരിഷ്കരണം സംബന്ധിച്ചുള്ള പതിനൊന്നാം ഉഭയകക്ഷി കരാർ സംഭാഷണങ്ങളുടെ തുടക്കം മുതൽ ഏവരും ഉറ്റുനോക്കിയിരുന്ന ഒന്നായിരുന്നു "പെൻഷൻ അപ്ഡേഷൻ" എന്ന വിഷയം ചർച്ചയുടെ ഭാഗമായി ഉൾപ്പെടുത്തുമോ എന്നത്. രണ്ടു ദശാബ്ദങ്ങൾക്കപ്പുറം അധികാരികളുടെ സമക്ഷം സമർപ്പിച്ച തികച്ചും ന്യായവും പരിഗണനാർഹവുമായ വിഷയം. കേന്ദ്ര ധനകാര്യ വകുപ്പിന്റെയും ബാങ്ക് മാനേജ്മെന്റിന്റെയും അക്ഷന്തവ്യമായ വിവേചനപരമായ സമീപനം ഒന്ന് കൊണ്ട് മാത്രം മാറ്റിവെയ്ക്കപ്പെടുകയായിരുന്നു ഇത്രനാളും.

വിരമിച്ച അന്ന് അനുവദിച്ച അതേ അടിസ്ഥാന പെൻഷൻതുക യാതോരു മാറ്റവുമില്ലാതെ ജീവിതാന്ത്യം വരെ തുടരുന്ന പരിതാപകരമായ അവസ്ഥ ബാങ്ക് ജീവനക്കാരുടെത് മാത്രമാണെന്നത് മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം വെറും കേട്ടറിവ് മാത്രമായിരുന്നു. പൊതു മേഖല ബാങ്കുകളിൽ ആയിരത്തി തൊള്ളായിരത്തി എൺപത്താറ് മുതൽ നടപ്പിൽ വരുത്തിയതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഇംപീരിയൽ ബാങ്ക് കാലഘട്ടം മുതൽ നിലവിലുള്ളതുമായ പെൻഷൻ സംവിധാനത്തിലും ഒരുപോലെ ഈ അനീതി തുടർന്ന് കൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത.

ബാങ്കുകളുടെ സാമ്പത്തിക ഭദ്രതയെ തെല്ലും സ്പർശിക്കാതെ വളരെ സുഗമമായി ഏത് പെൻഷൻ പരിഷ്കരണത്തെയും ഉൾക്കൊള്ളാൻ പ്രാപ്തമായ പെന്ഷൻ ഫണ്ട് കൈമുതലുള്ള ഒരു സംവിധാനത്തിലാണ് ഈയൊരു വൈപരീത്യം നടമാടുന്നത്. തൊണ്ണൂറ് കാലഘട്ടത്തിൽ ബാങ്കിൽ നിന്നും ജനറൽ മാനേജരായി വിരമിച്ച ഒരു വ്യക്തിയുടെതിനേക്കാൾ മൂന്നിരട്ടി പെൻഷൻ രണ്ടായിരത്തിരുപതിൽ വിരമിച്ച ഒരു സബോർഡിനേറ്റ് ജീവനക്കാരന് ലഭിക്കുന്നുണ്ട് എന്നതാണ് ഇന്ന് നടപ്പിലുള്ള രീതി. തികച്ചും അർഹമായ നീതി ലഭിക്കാതെ പരശ്ശതം ആത്മാക്കൾ ഇതിനകം പരലോകം പൂകി എന്നതാണ് മറ്റൊരു ദു;ഖസത്യം.

നിലവിലുള്ള സർവീസ് സംഘടനകളിൽ ഓഫീസർമാരുടെ മുഖ്യധാരാ പ്രസ്ഥാനമായ ആൾ ഇന്ത്യാ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷൻ, പെൻഷൻ പരിഷ്കരണം ഉഭയകക്ഷി ചർച്ചയുടെ ഭാഗമാക്കണമെന്ന ആവശ്യ ത്തിൽ നിർബന്ധം പിടിച്ചു ചർച്ചയിൽ നിന്നും ഒരു ഘട്ടത്തിൽ മാറിനിന്നതും ഇവിടെ സ്മരണീയമാണ്. ഒടുവിൽ ജൂലൈ ഇരുപത്തിരണ്ടിന് ഒപ്പിട്ട ധാരണ പത്രത്തിൽ ഫാമിലി പെൻഷനിൽ സർക്കാരിനോട്ശുപാർശ ചെയ്യാൻ തീരുമാനിച്ച വർദ്ധന പോലും ഉൾപ്പെടുത്താൻ വൈമനസ്യം കാണിച്ച ഐബിഎ പരോക്ഷമായി പെൻഷൻ അപ്ഡേഷൻ ഇപ്പോൾ പരിഗണനയിലില്ലാ എന്നത് പറയാതെ പറയുകയായിരുന്നു.

തികച്ചും നിരാശാജനകമായ ചുറ്റുപാടിൽ ഇനിയെന്ത് എന്ന ഉത്തരം കിട്ടാത്ത നാളുകളിലൊന്നിൽ, രണ്ടായിരത്തി ഇരുപത് ഒക്ടോബർ മുപ്പതിന് നമ്മെതേടി വന്ന ആ മുഖാമുഖ വാർത്ത പ്രത്യാശയിലേക്ക് നമ്മെ വീണ്ടും നയിക്കുന്നു. **കേന്ദ്ര ധകാര്യമന്ത്രി നിർമ്മലാ സീതാരാമൻ.**കോവിഡ് പ്രതിസന്ധികൾ താറുമാറാക്കിയ രാജ്യത്തിന്റെ സാമ്പത്തിക സംവിധാനത്തെക്കുറിച്ചും അതിന്റെ നെടുംതൂണായി ഭവിക്കുന്ന ഇന്ത്യൻ ബാങ്കിംങ് സംവിധാനത്തെക്കുറിച്ചുമുള്ള ലേഖകന്റെ ചോദ്യങ്ങളെ മാറ്റിനിർത്തി ബാങ്ക് ജീവനക്കാർ, വിശേഷിച്ചും, ഇപ്പോഴത്തെ പ്രതിസന്ധിയിൽ അനുഷ്ഠിക്കുന്ന സേവനങ്ങളെക്കുറിച്ച് വാഴ്ത്തുകയും, അർഹമായ ആനുകൂല്യങ്ങൾ

അവർക്ക് നൽകുന്നതിനേക്കുറിച്ചും അതോടൊപ്പം ദീർഘകാലം സേവനം ചെയ്തു വിരമിച്ച പെൻഷനേഴ്സ് ഇന്നനുഭവിക്കുന്ന പരാധീനതകളെ ക്കുറിച്ചും അത് പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളുവാൻ ഐബിഎ ചെയർമാനോടും എസ്ബിഐയുടെ പുതിയ ചെയർമാനോടും കേന്ദ്ര ധനകാര്യ വകുപ്പ് സെക്രട്ടറിയോടും ചർച്ച ചെയ്ത കാര്യങ്ങൾ അവർ സ്വമേധയാ അറിയിക്കുകയായിരുന്നു.




കേന്ദ്ര ധകാര്യമന്ത്രി നിർമ്മലാ സീതാരാമൻ.

നവംബർ പത്താം തീയതി നടന്ന ഐബിഎ യുടെ എഴുപത്തിമൂന്നാം വാർഷിക ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു കൊണ്ട് ഇതേകാര്യങ്ങൾ കുറെ കൂടി വിശദമായി, ബാങ്ക് ജീവനക്കാരുടെയും ബാങ്ക് പെൻഷനേഴ്സിന്റെയും കുടുംബപരിരക്ഷ കുടി കണക്കിലെടുക്കേണ്ടുന്ന കാര്യവും സായുധസേനയിലെ അംഗങ്ങളെപ്പോലെ ഒരു റാങ്ക് ഒരു പെൻഷൻ സംവിധാനം കൂടി പരിഗണനാർഹമാണെന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു.

മനസ്സ് ഇപ്പോൾ തികഞ്ഞ ആഹ്ളാദത്തിലാണ്. കാലങ്ങളായി കേട്ട് തഴമ്പിച്ച മോഹനവാഗ്ദാനങ്ങളിൽ നിന്നും വ്യത്യസ്തമായി ധനമന്ത്രിയുടെ നാവിൽനിന്ന് ഊർന്ന് വീണ വാക്കുകളിൽ വിശ്വാസ്യതയുടെ സ്പന്ദനം കേൾക്കാം. ഇത് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും പാഴ്വാക്കുകളാകാതിരിക്കാനുമുള്ള രാഷ്ട്രീയ ഇഛാശക്തി കൂടി കാണിക്കാൻ തക്ക കാര്യശേഷിയുള്ള ഒരാളുടെ വാക്കുകളാണ് എന്നത് വലിയ പ്രതീക്ഷയുടെ ആശാകിരണങ്ങളായി നമ്മുടെ മനസ്സുകളിലേയ്ക്ക് പ്രകാശം പരത്തുന്നു.... നന്ദി, ബഹു. നിർമ്മല സീതാറാം മാഡം. ഒടുവിൽ ബഹു ദൂരം താണ്ടിയതിൽ
പ്പിന്നെ തുരങ്കത്തിന്റെ മറ്റേയറ്റത്ത് നിന്നും വെള്ളിവെളിച്ചം നമ്മളിലേക്ക് എത്തുന്നു എന്ന ശുഭ പ്രതീക്ഷയോടെ.



കെ രാജീവൻ, പ്രസിഡന്റ്

"കേരളപ്പിറവി" കേരള സംസ്ഥാനം ജന്മം കൊണ്ട ദിനത്തിനെയാണ് സൂചിപ്പിക്കുന്നത്. നവംബർ ഒന്നിനായിരുന്നു അത്




# ദീപാവലി

ദീപങ്ങൾ കൊണ്ട് ആഘോഷിക്കുന്ന ഉൽസവമാണ് **ദീപാവലി** അഥവാ **ദിവാലി** (ഹിന്ദി:दिवाली, തമിഴ്:**தீபாவளி**). തുലാമസത്തിലെ അമാവാസി ദിവസമാണ് ദീപാവലി ആഘോഷിച്ചു വരുന്നത്. ദീപങ്ങളുടെ ഉൽസവമായ ദീപാവലി ഒരു കാലത്തും ഹിന്ദുക്കളുടെ മാത്രം ആഘോഷമായിരുന്നില്ല. ഹിന്ദു, ജൈന, സിഖ് മതവിശ്വാസികൾ മൺവിളക്കുകൾ തെളിച്ചും പടക്കം പൊട്ടിച്ചും ദീപാവലി

ആഘോഷിക്കുന്നു. ദീപാവലി ദക്ഷിണേന്ത്യൻ ഭാഷകളിൽ( തമിഴ്, തെലുങ്ക്, കന്നഡ, മലയാളം) സംസ്കൃതത്തിലെ അതേപേരിലും മറ്റു ഭാഷകളിൽ ദിവാലി എന്ന പേരിലും അറിയപ്പെടുന്നു. എല്ലാ ഇന്ത്യൻ സംസ്ഥാന ങ്ങളിലും ഇത് ആഘോഷിക്കുന്നു. ദീപം (വിളക്ക്), ആവലി (നിര) എന്നീ പദങ്ങൾ ചേർന്നാണ് ദീപാവലി എന്ന പദം ഉണ്ടായത്, ഇത് ലോപിച്ചാണ് ദിവാളി എന്നായിത്തീർന്നത്.



ദീപാവലിക്ക് കമ്പിത്തിരി കത്തിക്കുന്നു.



മൺ ചിരാതുകളിൽ ദീപം തെളിയിച്ച് അഘോ ഷം

ഈ ഉൽസവം ആഘോഷിക്കുന്നതിനെക്കുറിച്ച് പല ഐതിഹ്യങ്ങ ളുമുണ്ട്.

1) ശ്രീരാമൻ 14 -വർഷത്തെ വനവാസത്തിനു ശേഷം അയോദ്ധ്യയിൽ തിരിച്ചെത്തിയതിനെ പ്രതിനിധീക രിച്ചാണ് ദീപാവലി ആഘോഷിക്കുന്നത്.
2) തെന്നിന്ത്യയിൽ ശ്രീകൃഷ്ണൻ,നരകാസുരനെ വധിച്ചതിന്റെ ആഘോഷം.
3) ജൈനമത വിശ്വാസപ്രകാരം മഹാവീരൻ നിർവാണം പ്രാപിച്ചതിനെ അനുസ്മരിക്കാ നായിട്ടാണ് ദീപാവലി ആഘോഷിക്കുന്നത്.
4) രാജസ്ഥാനിൽ 'നയാദിൻ' (പുതു വർഷം) ആഴ്ച്ചകൾ നീളുന്ന ഉത്സവമാ ണ്.
5) ഗുജറാത്തിലും പുതുവർഷമായാണാ ഘോഷമെങ്കിലും ധനലക്ഷ്മീ പൂജ സാർവത്രികമായി ആചരിക്കുന്നു.
6) ബംഗാളിൽ ഈ ദിവസം കാളീ പൂജയ് ക്കാണ് പ്രാമുഖ്യം.
7) സിക്കുകാർ ആറാമത്തെ ഗുരു ഹർഗോവിന്ദ്ജി തടവിൽ നിന്ന് മൊചിത നായ ദിവസമായിട്ടാണ് അഘോഷിക്കു ന്നത്.
8) മുഗൾ രാജാക്കന്മാരുടെ കാലത്ത് പ്രത്യേകിച്ച് അക്ബർ ചക്രവർത്തി യുടെ കാലത്ത് ജെഷ്ണെ ചിരഗൻ (ദീപങ്ങളുടെ ഉത്സവം) ആയി മുസ്ലീങ്ങ ളും ഈ ദിവസം അഘോഷിച്ചിരുന്ന തായിക്കാണാം.

അങ്ങനെ നോക്കുമ്പോൾ നാനത്വത്തിൽ ഏകത്വം എന്ന നിലയിൽ ഇന്ത്യയിൽ ഉടനീളം എല്ലാവരും ഒന്നിച്ച് ആഘോഷിക്കു ന്ന മറ്റൊരു ഉത്സവം വേറെ ഇല്ലെന്ന് കാണാം.

## എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റി യോഗം 2020 നവംമ്പർ മാസം 13-ാം തിയതി വെള്ളിയാഴ്ച്ച രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. 14 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ, അദ്ധ്യക്ഷത വഹിച്ചു.

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈക്കം ഏരിയാ കമ്മറ്റിയിലെ ശ്രീ.സികെ ശശിധരന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. അദ്ദേഹത്തെ അനുസ്മരിച്ച് ഏരിയക്കമ്മറ്റി കൺവീനർ ശ്രീ.പി.പി. ഫിലിപ്പും ജോ.കൺവീനർ ശ്രീ.ഡി.കെ.രാജഗോപാ ലും സംസാരിച്ചു. അനന്തരം പരേതന്റെ ആത്മശാന്തി ക്കായി പ്രർഥനയോടെ ഒരു മിനിട്ട് മൌനം ആചരി ച്ചു. വൈസ് പ്രസിഡന്റ്, ശ്രീ കെ.എൻ.വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.



വൈസ് പ്രസിഡന്റ്, ശ്രീ കെ.എൻ.വിശ്വനാഥൻ നായർ

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി. എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ശ്രീ.പി. എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി,

സെപ്റ്റംബർ 30 വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ശ്രീ.തോമസ് ഫിലിപ്പ്, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ്

സ്ട്രക്ച്ചേർഡ് മീറ്റിംഗ് അടക്കം കൊവിഡ്–19 കാലത്തെ അസ്സോസിയേഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ സംസാരിച്ചു.

സർവശ്രീ. പി. എസ്. രാജമോഹനൻ നായർ, എ. ജി. എസ്., യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. പാലാ യൂണിറ്റിന് വേണ്ടി ശീ.ജോസഫ് ജോൺ, വൈക്കം യൂണിറ്റിന് വേണ്ടി ഏരിയക്കമ്മറ്റി കൺവീനർ ശ്രീ.പി.പി. ഫിലിപ്പും ജോ.കൺവീനർ ശ്രീ.ഡി.കെ. രാജഗോപാലും, ശ്രീമതി. റൈസാ ബീഗം, സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മറ്റി അംഗം ഏറ്റുമാനൂർ യൂണിറ്റിനു വേണ്ടിയും, കെ.എൻ. വിശ്വനാഥൻ നായർ, ത്രേസ്സ്യാമ്മ ആന്റണി എന്നിവർ കോട്ടയം–1, കോട്ടയം–2, യൂണിറ്റികൾക്കു വേണ്ടിയും, ശ്രീ.ജോൺ.വി.ചെറിയാൻ , ചങ്ങനാശ്ശേരി യൂണിറ്റിനു വേണ്ടിയും, ജോർജ്ജ്, പാപ്പച്ചൻ എന്നിവർ കാഞ്ഞിരപ്പള്ളി യൂണിറ്റിനു വേണ്ടിയും ഏരിയ കമ്മറ്റികളുടെ അവലോകനത്തിൽ പങ്കെടുത്ത് സംസാരിച്ചു. സൊസൈറ്റിയുടെ ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരുവിവരം ഓഫീസ് സെക്രട്ടറി കൂടിയായ വൈസ് പ്രസിഡന്റ്, ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു.

സംസ്ഥാന തലത്തിൽ അംഗങ്ങൾക്കായി ബെനവലന്റ് ഫണ്ട് തുടങ്ങുന്നതിന് തീരുമാനമെടുത്തതായി ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ യോഗത്തെ അറിയിച്ചു. ഒരു മെംബർക്ക് 500 രൂപ ആജീവനാന്ത അംഗത്വ വരിസംഖ്യ ഇതിനായി അടയ്ക്കണം. വാർഷിക ഫീ ആയ 100 രൂപയും മെമ്പർമാരെ ഭാരപ്പെടുത്താതെ ജില്ലകേന്ദ്ര ഫണ്ടിൽ നിന്ന് കൊടുക്കുവാനും തീരുമാനിച്ചു



കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺ ലൈൻ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ

. ഇത് ജില്ലയുടെ ഉത്തരവാദിത്തം ആയതുകൊണ്ട് സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ വഴിയുള്ള നിലവിലെ മാസ വാർഷിക ഫീ പിരിക്കൽ, സംവിധാനം ഉർജ്ജിതപ്പെടുത്തിയാൽ മാത്രമേ ഈ സ്കീം വിജയിക്കുകയുള്ളു. അതിനാൽ എല്ലാ മെമ്പർമാരുടേയും സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ എടുത്ത് അതിൽ ഉൾപ്പെടുത്താനും തീരുമാനിച്ചു. വരിസംഖ്യ സ്ഥിര നിർദ്ദേശം ബാങ്ക് വഴി നല്കി അടയ്ക്കുന്ന അംഗങ്ങളുടെ ആജീവനാന്ത അംഗത്വ വരിസംഖ്യ നിലവിലുള്ള ഫണ്ടിൽ നിന്നടയ്ക്കു വാനും ബാക്കിയുള്ളവരുടെ വരിസംഖ്യ കിട്ടുന്ന മുറയ്ക്ക് അംഗത്വം ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

അതിന് ശേഷം പ്രസിഡന്റ് തന്റെ ഉപക്രമ പ്രസംഗത്തിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു . പുതിയതായി ആരംഭിക്കുന്ന 25000 രൂപ സല വരുന്ന ജി.ഡി.സി.എസിൽ ചേരാൻ മുന്നോട്ട് വരാൻ അദ്ദേഹം അഭ്യർത്ഥിച്ചു, ജില്ലാ ഘടകത്തിലേയ്ക്ക് ഓൺലൈൻ കോർഡിനേഷൻ സ്തുത്യർഹമായ വിധം നടത്തിയതിന് ശ്രീ. മാത്യു അടക്കാമുണ്ടയ്ക്കലിനേയും പ്രത്യേകം അഭിനന്ദിച്ചു. ശ്രീ. ശ്രീ.പി. എം. ജേക്കബ്ബ് കൃതജ്ഞതയും പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.



# സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 51.9 ശതമാനം ലാഭ വർദ്ധന

രണ്ടാം പാദത്തിൽ മുൻ വർഷത്തെ 3011.73 കോടിയിൽ നിന്ന് 4574.16 കോടി രൂപയയാണ് ലഭം ഉയർന്നത്. മൊത്തം നിഷ്ക്രിയ ആസ്തി 5.28 ശതമാനമായി കുറഞ്ഞു.

# ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു

മൂന്ന് വർഷത്തെ ചർച്ചകൾക്കൊടുവിൽ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കാൻ ഇന്ത്യൻ ബാങ്ക്സ് അസ്സോസിയേഷനും യൂണിയനുകളുടെ സംയുക്ത സമിതിയായ യുണൈറ്റെഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസും തമ്മിൽ കരാർ ഒപ്പു വച്ചു. പെൻഷൻകാർക്ക് അശ്വസിക്കാൻ ഒന്നും തന്നെയില്ലെങ്കിലും ഫാമിലി പെൻഷൻ ഒറ്റ സ്ലാബിലേയ്ക്ക് (30%) മാറ്റാൻ തത്വത്തിൽ തീരുമാനമായതായി സമാധാനിക്കാം.

# നിക്ഷേപ തട്ടിപ്പുകൾക്കെതിരെ നിയമം ‘‘ബഡ്സ് ’’

രാജ്യത്ത് പ്രതിവർഷം ശരാശരി 389 സ്ഥാപനങ്ങൾ വീതം നിക്ഷേപത്തട്ടിപ്പുകൾ നടത്തി മുങ്ങുകയോ പൂട്ടിപ്പോവുകയോ ചെയ്യുന്നുവെന്നാണ് ഒരു കണക്ക്.




വൻ പരസ്യങ്ങളുടെ അകമ്പടിയോടെ അരങ്ങേറുന്ന ഇത്തരം സ്ഥാപനങ്ങളുടെ തട്ടിപ്പിന് ഇരയാകുന്നതാകട്ടെ സാധാരണക്കാരും. മലയാളികൾക്കാണെങ്കിൽ ആട്, തേക്ക്, മാഞ്ചിയം, ആപ്പിൾ എ ഡേ, ലിസ്, തുടങ്ങി ഒട്ടേറെ അനുഭവങ്ങളുണ്ടെങ്കിലും നാളുകൾ കഴിയുമ്പോൾ ഒക്കെ ജനം മറക്കുന്നതായാണനുഭവം. ഇപ്പോൾത്തന്നെ ഇത്തരം രണ്ട് സംഭവങ്ങൾക്ക് കേരളം സാക്ഷ്യം വഹിക്കുകയാണ്.

## ‘‘ബഡ്സ്’’

സാമ്പത്തിക തട്ടിപ്പുകൾ തടയാനായി കഴിഞ്ഞ വർഷം പാർലമെന്റ് പസ്സാക്കിയ നിയമമാണ് ‘‘ബാനിംഗ് ഓഫ് അൺ റെഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീം’’ അഥവാ ‘‘ബഡ്സ്’’ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന നിയമം. ഇത് പ്രകാരം ഏതെങ്കിലും നിയമാനുസൃതമായ മാർഗ്ഗത്തിൽക്കൂടിയല്ലാതെ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ,കമ്പനികൾക്കോ മറ്റാർക്കെങ്കിലുമോ നിക്ഷേപ സമാഹരണം നടത്തുവാൻ സാദ്ധ്യമല്ല.




ഈ ആക്റ്റിന്റെ റൂൾസ് ഈ വർഷം ഫെബ്രുവരിയിൽത്തന്നെ കേന്ദ്ര സർക്കാർ പുറത്തിറക്കി. റിസർവ് ബാങ്ക്, സെബി, ഐ.ആർ.ഡി.എ. പോലുള്ള സംവിധാനങ്ങളുടെ അനുമതി ഇല്ലാതെ നിക്ഷേപം സമാഹരിക്കുന്ന പ്രക്രിയ ക്രിമിനൽ കുറ്റമാണ്. അല്ലെങ്കിൽ സഹകരണ നിയമത്തിന്റെയോ ചിറ്റ് ഫണ്ട് ആക്റ്റിന്റെയോ സമാനമായ നിയമത്തിന്റെയോ അടിസ്ഥാനത്തിലായിരിക്കണം നിക്ഷേപ സമാഹരണം. അല്ലാതെയുള്ള നിക്ഷേപ സമാഹരണം ജാമ്യമില്ലാത്ത കുറ്റകൃത്യങ്ങളുടെ വകുപ്പിൽപ്പെടും.

പുതിയ നിയമം വന്നാൽ പരസ്യം കൊടുക്കുന്ന മാധ്യമങ്ങളും ഉത്തരവാദികളാകും. ഇത്തരം വൻ പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ നിക്ഷേപിച്ച് വഞ്ചിക്കപ്പെടുമ്പോൾ അതും വാർത്തയാക്കി സെൻസേഷനും വികാര പ്രക്ഷുബ്ധതയും സൃഷ്ടിച്ച് മുതലെടുക്കാനും കഴിയുകയില്ല. സംസ്ഥന സർക്കാർ ഈ നിയമം അടിയന്തിരമായി നടപ്പിലാക്കാൻ ശ്രമിച്ചാൽ അത് ജനോപകാരപ്രദമായ ഒരു നടപടിയാകും. തീർച്ച.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# ലക്ഷ്മി വിലാസ് ബാങ്കിന് റിസർവ് ബാങ്ക് മൊറട്ടോറിയം

ഭരണ പ്രതിസന്ധിക്കൊപ്പം സമ്പത്തികസ്ഥിതി കൂടി വഷളായതോടെ ലക്ഷ്മി വിലാസ് ബാങ്കിന് റിസർവ് ബാങ്ക് ഒരുമാസ ത്തെ മൊറട്ടോറിയം ഏർപ്പെടുത്തി. നിക്ഷേ പകർക്ക് 25,000 രൂപ മാത്രമേ പിൻ വലിക്കാ നാകൂ. സിങ്കപ്പൂർ ആസ്ഥാനമായി പ്രവർത്തി ക്കുന്ന ഡി.ബി.എസ്.ബാങ്കിന്റെ ഇന്ത്യൻ വിഭാഗമായ ഡി.ബി.ഐ.എല്ലിൽ ലയിപ്പിക്കാ നുള്ള കരടു പദ്ധതിയും റിസർവ് ബാങ്ക് പ്രഖ്യാപിച്ചു. കഴിഞ്ഞ 3 വർഷം തുടർച്ചയായി ബാങ്ക് നഷ്ടം രേഖപ്പെടുത്തുകയാണ്. ഈ വർഷം സെപ്റ്റംബർ അവസാനിച്ച പാദത്തിലും 396.99 കോടി രൂപയുടെ നഷ്ടം രേഖപ്പെടുത്തി. നിഷ്ക്രിയ ആസ്തി പെരുകി 24.45 ശതമാന മായി. നിക്ഷേപകർ തുടർച്ചയായി പണം പിൻവ ലിച്ചു തുടങ്ങിയതോടെയാണ് ആർ.ബി.ഐ. നടപടി.

## ഡി.ബി.എസ് ബാങ്ക് ഇന്ത്യ

**1994ൽ ആദ്യ ഓഫീസും അടുത്ത വർഷം ആദ്യ ശാഖയും തുറന്നെങ്കിലും 2019 മാർച്ചിൽ മാത്രമാണ് ഇന്ത്യൻ വിഭാഗത്തിന് രൂപം നല്കുന്നത്. ഇതിനകം 24 നഗരങ്ങളിലായി 27 ശാഖകൾ തുറന്നിട്ടുണ്ട്. ഏറ്റെടുക്കൽ യാഥാർ ത്ഥ്യമാകുമ്പോൾ 16 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 563 ശാഖക ളും അഞ്ച് എക്സ്റ്റൻഷൻ കൗണ്ടറുകളും 974 എ.റ്റി.എം. കൗണ്ടറുകളും ഡിബി.എസ് ബാങ്ക് ഇന്ത്യയുടേതാകും. ഈ ശൃംഖല ഡി.ബി.എസ്. ബാങ്ക് ഇന്ത്യയ്ക്ക് വലിയ നേട്ടമാകുമെന്ന് കരുതുന്നു. അനുമതി ലഭിച്ചാൽ 2500 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന് ഡി.ബി. എസ്. ബാങ്ക് ഇന്ത്യ പ്രഖ്യാപിച്ചിട്ടുണ്ട്.**

**റിസർവ് ബാങ്കിന്റെ ലയന നിർദ്ദേശത്തിന് കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി അനുമതി നല്കിക്കഴിഞ്ഞു. 4000 ജീവനക്കാരാണ് ബാങ്കിലുള്ളത്. അവരുടെ ജോലി സുരക്ഷിതത്വം ഉറപ്പാക്കും.**

# ബാങ്കു ലോക്കർ വ്യവസ്ഥകൾ പരിഷ്ക്കരിക്കണം.



**പി.പി.ഫിലിപ്പ്,**
**വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ**

അടുത്ത കാലത്തുണ്ടായ പ്രധാന കേസുകളിലെല്ലാം ബാങ്കു ലോക്കർ താരമാണ്. ബാങ്കു ലോക്കർ വ്യവസ്ഥകൾ പരിഷ്ക്കരിക്കേണ്ട സമയമായി.

മിക്ക ബാങ്കുകളിലും ഏറ്റവും തിരക്കേറിയ വിഭാഗ ത്തിനാണ് ലോക്കർ ചുമതലകൾ കൊടുത്തിരിക്കു ന്നത്. നല്ല ശ്രദ്ധയും സമയവും വേണ്ട ഒരു സേവന വിഭാഗമാണ് ബാങ്കു ലോക്കർ ഇടപാടുകാരുടേത്. ലോക്കർ സേവനം ആവശ്യപ്പെട്ടു വരുന്നവരെ ശരിക്കും ബോധവൽക്കരിക്കേണ്ടതുണ്ട്. അതിനു വേണ്ടി വരുന്ന സമയം ബാങ്കു ഉദ്യോഗസ്ഥർക്കു കിട്ടുന്നില്ല . ആവശ്യത്തിനു സമയം കൊടുത്തു ഇടപാടുകാരനെ എല്ലാം കൃത്യമായി ബോധ്യപ്പെടു ത്തേണ്ടതാണ്. ഇപ്പോൾ ഒരു ഇടപാടുകാരൻ അറിയേണ്ട കാര്യങ്ങളെല്ലാം കൃത്യമായി മനസിലാക്കാൻ ബന്ധപ്പെട്ട ആർക്കും ആവശ്യത്തിനു സമയം കിട്ടുന്നില്ല. ലോക്കർ സംബന്ധമായ ചില കാര്യങ്ങൾ ബാങ്കുകൾ ഇനിയും വ്യക്തമാക്കാനുണ്ട്. എന്തെല്ലാം വസ്തുക്കൾ ലോക്കറിൽ വച്ചു കൂടാ എന്നു ലോക്കറിന്റെ മുമ്പിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. നിരോധിത വസ്തുക്കൾ ലോക്കറിൽ വച്ചിട്ടില്ലായെന്ന സത്യവാങ്മൂലം ഓരോ കസ്റ്റമറിൽ നിന്നും വാങ്ങേണ്ടതാണ് . ആ സത്യവാങ്മൂല ത്തിന്റെ ബലത്തിലാണ് ബാങ്കുകാർ ലോക്കർകൊടുക്കേണ്ടതു. അത്തരം വസ്തുക്കൾ വയ്ക്കുന്നതു കുറ്റകരമാണെന്ന പ്രസ്താവനയും പ്രദർശിപ്പിക്കേണ്ടതാണ്.

ബാങ്കു ലോക്കർ ഇപ്പോൾ ഒരു ' അപകട ' മേഖല യാണ്. ലോക്കർ ഉദ്യോഗസ്ഥർ എല്ലായ്പോഴും വളരെ ശ്രദ്ധാലുക്കൾ ആയിരിക്കണം. ലോക്കർ എടുക്കാനും പിന്നിടു തുറക്കാനും വരുന്നവരുടെ തിരിച്ചറിയൽ കർശനമായിരിക്കണം. ഈ കുറിപ്പെ ഴുതുന്നയാൾ വളരെ തിരക്കേറിയ ഒരു SBI ബ്രാഞ്ചിൽ ലോക്കറിന്റെ മാസ്റ്റർ കീ ഹോൾഡറായി രണ്ടു വർഷം ജോലി ചെയ്തിട്ടുണ്ട്.

കവിത

# ഞാനും അതിജീവിക്കും നിശ്ചയം



ഡൊമിനിക് ജോസഫ്

ഞാൻ കൊറോണ!
ഈ പ്രപഞ്ചത്തിൽ ജന്മമെടുത്തവൻ
സൃഷ്ടാവുണ്ടെന്നോ ഇല്ലെന്നോ അറിയില്ല
ഞാനൊരു ജീവി....
എന്റെ ജീവൻ എനിക്ക് വലുതാണ്
എന്റെ ജീവിതത്തിനും അർത്ഥമുണ്ട്,
ലക്ഷ്യമുണ്ട്
ഭുജാതനായ നിമിഷം മുതൽ
എന്തേ എനിക്ക് രക്ഷണമേകാൻ
എന്തേ എനിക്ക് ഭക്ഷണമേകാൻ
എന്തേ എൻ ജീവനെ പുഷ്ടിപ്പെടുത്താൻ
ഒരു മഹാജീവിയും വന്നില്ല കഷ്ടം !
നിഗ്രഹിക്കാനായ് മാത്രം മനഷ്യർ
ചുറ്റിലും നിന്നിതാ മത്സരിക്കുന്നു.
കൊല്ലെടാ... കൊല്ലടാ.... എന്നൊരാക്രോശം
കർണ്ണപുടങ്ങളിൽ നിത്യം...
എന്നെപ്പുണർന്ന് ചുംബിച്ച് മുലയൂട്ടി എന്നുമേ
രക്ഷിച്ചുപോരുന്നൊരമ്മ
എന്റെ അമ്മേ...അമ്മേ..യെന്നോർക്കുന്നു ഞാനും
ഓരോ നിമിഷവും പേടിച്ചു ജീവിതം
എന്തൊരു ജീവിതം! എത്ര ശാപ ജന്മം!
ഇല്ല..... എനിക്കും ജീവിക്കണം മന്നിൽ
കൊല്ലാൻ വന്നവനല്ല ഞാൻ
ഇന്നോളം.....
കൊല്ലാമെങ്കിൽ കൊന്നോളൂ എന്നെ...
ഓർത്തോളൂ... ഞാനും
അതിജീവിക്കും നിശ്ചയം .



## How to follow a Doctor's Prescription, We Take so Many Years to Know these Abbreviations...???

> Rx = Treatment.
> Hx = History
> Dx = Diagnosis
> qd = Every day
> qod = Every other day
> qh = Every Hour
> SOS = If needed
> AC = Before Meals
> PC = After meals
> BID = Twice a Day
> TID = Thrice a Day
> QID = Four times a day
> OD = Once a Day
> BT = Bed Time
> BBF = Before Breakfast
> BD = Before Dinner
> Tw = Twice a week
> SQ = sub cutaneous
> IM = Intramuscular
> ID = Intradermal
> IV = Intravenous
> QAM = (every morning)
> QPM (every night)
> Q4H = (every 4 hours)
> HS = (at bedtime)
> PRN = (as needed)
> Mg = (milligrams)
> Mcg/ug = (micrograms)
> G or Gm = (grams)
> 1TSF ( Teaspoon) = 5 ml
> 1 Tablespoonful =15ml



# SON OF A POLITICIAN

**Joseph Thekkanal**




Born in independent India,
Freedom movement was heard as a story in school days,
And in the speeches of politicians,
Never bothered to visualise the pangs and sufferings of the movement,
Why should I ? I am born in free India, freedom is my birth right,
Heard somewhere that your freedom ends at the nose of your neighbour,
But I am living in independent India where freedom of rich and powerful stretch beyond,
I have the right to enjoy endless and boundless freedom,
Because my father is rich and more over a politician,
Whatever I do is legal,
The enforcers of law and order will stand before me,
Bowing their head and with folded hands,
The law will be expounded in my favour,
I am a free bird and I always hear an inner voice,
Reminding me that you are young,
But your youth and vigor won't last for ever,
Enjoy now, this is your time,
Spend lavishly, for your father has hoarded oodles,
looting his people,
Drink up to the last drop, flutter with damsels,
Fly in search of new horizons, for your horizon is boundary-less.

Mother used to caution that my ways are wrong,
Living an inhuman and immoral life and even God won't forgive.
I heard my father's comment,
He is young, let him enjoy,
But tell him not to take any one to heart,
And demand to tie the knot with a destitute,
There are many who offer crores for him,
With out money nothing moves,
This power and privilege will not last forever,
A rainy day followed by a flood can happen,
Before that I should make a 'pedakam' and afloat,
For my generation should last to govern this country,
A country for cattle and dogs,
And of course for these beggars who elect us,
I am getting old and I can't shoulder this burden much longer,
Before I exit, my son should be groomed to serve my people for whom I lived !

Long live Indian democracy,
Democracy of the poor and peasants,
By the fools and idiots,
For the rich and powerful.

# മലയാള കഥാസാഹിത്യത്തിലെ നിത്യഹരിത നായകൻ



പോൾ സ്കറിയ എന്ന കഥാകാരൻ സക്കറിയ

## എഴുത്തച്ഛൻ പുരസ്ക്കാരം സക്കറിയയ്ക്ക്.

ഡോ. സിറിയക് തോമസ്

മലയാള സാഹിത്യത്തിൽ സക്കറിയയുടെ പേരു എഴുതപ്പെട്ടിട്ട് അരനൂറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. ആദ്യം കൈവച്ചതു് കഥാരംഗത്താണ്. കറിയാച്ചന്റെ കഥകൾ പൊടിപാറി. ആദ്യകാല കഥാപാത്രങ്ങൾ പലരും വായനക്കാരെ ചിരിപ്പിച്ചു മണ്ണുകപ്പിച്ചുവെന്നും പറയാം. എന്നാൽ പോൾ സക്കറിയ എന്ന കഥാകാരൻ എഴുതിയതൊന്നും ചിരിക്കഥകളേ ആയിരുന്നില്ല. ചുറ്റുപാടും കണ്ട കാര്യങ്ങൾക്കുനേരേ നർമ്മത്തിന്റെ മേമ്പൊടി ചാലിച്ചു വിമർശനത്തിന്റെ കണ്ണാടി തിരിച്ചു വച്ചു എഴുതിയെന്നു മാത്രം. മർമ്മത്തു കുത്തുന്ന കൂർത്ത പരിഹാസം പഠിക്കുന്ന കാലത്തു തന്നെ കഥാകാരന്റെ കൂടപ്പിറപ്പായിരുന്നു വെന്നതാണ് ശരി.

ഒരു വർഷത്തിന്റെ വ്യത്യാസത്തിലാണ് പോൾ സക്കറിയയും ഞാനും പാലാ സെന്റ് തോമസ് കോളജിൽ പഠിക്കാൻ വരുന്നത്. കൃത്യമായി പറഞ്ഞാൽ അറുപതു വർഷം മുൻപു്. ഞാൻ ഡിഗ്രി ക്ലാസ്സിൽ ഒന്നാം വർഷമെത്തിയപ്പോഴായിരുന്നു പ്രീ യൂണിവേഴ് 'സിറ്റി വിദ്യാർത്ഥിയായി കറിയാച്ചന്റെ കടന്നുവരവ്. സ്വന്തം വീടു ഉരുളികുന്നത്തായിരുന്നു. ഒന്നാം തരം കർഷക കുടുംബമായിരുന്നു മുണ്ടാട്ടുചുണ്ടയിൽ. ധാരാളം റബ്ബർ തോട്ടങ്ങളും. അമ്മ വീട് പാലായിൽത്തന്നെ. മേനാമ്പറമ്പിൽ. അമ്മ വീടിനും പാലാ കോളജിനുമിടയിൽ സാക്ഷാൽ മീനച്ചിലാറും. ഞങ്ങളുടെ കുടുംബങ്ങൾ തമ്മിൽ നേരത്തേ തന്നെ അറിയാമായിരുന്നതു കൊണ്ടും അമ്മമാർ തമ്മിൽ അടുത്ത സൗഹൃദമായിരുന്നുവെന്നതു കൊണ്ടും ഞങ്ങളും പെട്ടെന്നു തന്നെ തമ്മിൽ സൗഹൃദ ത്തിന്റെ പാലം പണിതു. എന്നാൽ അതു പിന്നീടു് ആഴപ്പെട്ടതു വായനയുടെ ലോകത്താണ്. വൈകുന്നേരങ്ങളിൽ ഞങ്ങൾ "സ്ഥലത്തെ പ്രധാന കൗമാരക്കാർ " ചിലർ പതിവായി സന്ധിച്ചിരുന്നതു് ആർ.വി. പാർക്കിലും അതിനോടു ചേർന്നുള്ള മുനിസിപ്പൽ ലൈബ്രറിയിലുമായിരുന്നു. ഞങ്ങൾക്കിടയിലെ ഏറ്റവും നല്ല വായനക്കാരൻ അന്നും പോൾ സ്കറിയ തന്നെ. പുസ്തക ങ്ങളെപ്പറ്റി പറയുമ്പോൾ അന്നും കറിയാച്ചനു നൂറുനാവാണ്.

അന്നും ഇന്നും സക്കറിയക്കു കാര്യമായ മാറ്റമൊന്നുമില്ല. വിശ്വാസിയാണോ എന്നു ചോദിച്ചാൽ കറിയാച്ചൻ യുക്തിവാദിയൊന്നുമല്ല എന്നു തന്നെയാണ് എന്റെ ഉത്തരം. പാലാക്കാരനല്ലേ. എന്നാൽ മതത്തെയും വിശ്വാസത്തേയു മൊക്കെ ഒരു തരം നിർമ്മമതയോടെ കാണാനുള്ള ഒരു മനസ്സാണ് സക്കറിയക്കു അന്നും ഇന്നും. ചുറ്റും കാണുന്ന കാപട്യങ്ങൾക്കെതിരെ സന്ധിയില്ല. എവിടെയും ഏതു സദസ്സിലും പറയാനുള്ളതു മയമില്ലാതെയും മറയില്ലാതെയും പറയും. തെറ്റായ പ്രവണതകൾക്കെതിരെയുള്ള അടങ്ങാത്ത ധർമ്മരോഷം അന്നും ഇന്നുമുണ്ട്. അതിന്റെപേരിൽ വരുന്ന വിമർശനങ്ങളും എതിർപ്പും ഭീഷണികളുമൊക്കെ ഒരു തനി പാലാക്കാരന്റെ ധൈര്യത്തോടെ നന്നായി ആസ്വദിക്കും. ആരേയും ഒന്നിനേയും പേടിയില്ല. കോൺഗ്രസിനേയും കമ്യൂണിസ്റ്റുകാരെയും ബി.ജെ.പി.യേയുമൊക്കെ മാത്രമല്ല ആൾദൈവങ്ങളേയും സക്കറിയ വെറുതേ വിടാറില്ല. എന്നാൽ ആത്മീയരോടു അന്ധമായ അകൽച്ചയുമില്ല. ആസ്സാമിലെ ആർച്ചു ബിഷപ്പ് ഡോ.തോമസ് മേനാംപറമ്പിൽ മാതൃസഹോദര പുത്രനാണ്. തിരുവനന്തപുരം പോത്തൻ കോടു ആശ്രമത്തിലെ കരുണാകര ഗുരുവിന്റെ പ്രിയ മിത്രങ്ങളായിരുന്നല്ലോ ഓ. വി. വിജയനും സക്കറിയയും. ആ വകയിൽ വന്ന വിമർശനങ്ങളെ രണ്ടു പേരും ഒട്ടും വകവച്ചതുമില്ല. അവസരവാദികളും അല്പ മനസ്സുകളുമായ നേതാക്കളെയും മന്ത്രിമാരെയുമൊക്കെ അവരുടെ പാർട്ടി വ്യത്യാസമോ മുന്നണി വ്യത്യാസമോ നോക്കാതെ ഇത്ര ഭംഗിയായി പരിഹസിക്കുവാൻ കഴിയുന്ന മറ്റൊരു പ്രഭാഷകനും മലയാളത്തിൽ അഴീക്കോടിനു ശേഷം സക്കറിയ അല്ലാതെ ഇന്നു വേറേ ഇല്ല. പുരസ്കാരങ്ങളുടെ എണ്ണം നോക്കിയാലും അഴീക്കോടു മാസ്റ്റർ കഴിഞ്ഞാൽ രണ്ടാമൻ സക്കറിയ തന്നെ ആവാനേ വഴിയുള്ളു. അവാർഡുകളോട് സക്കറിയക്കു അലേർജിയുമില്ല. ഇതിനൊന്നും തനിക്കർഹതയില്ലെന്നുള്ള അമിത വിനയത്തിന്റെ കാപട്യങ്ങളുമില്ല. മലയാളത്തിൽ സക്കറിയയേപ്പോലെ ഇത്ര ആത്മ വിശ്വാസമുള്ള എഴുത്തുകാരും ഇപ്പോൾ വേറേയില്ലല്ലോ.

കാഴ്ച്ചയിലും എഴുത്തിലും വാക്കിലും ചിന്തയിലും ഭക്ഷണത്തിലും വീക്ഷണത്തിലും വസ്ത്രധാരണത്തിലും നടപ്പിലും എടുപ്പിലും എല്ലാം സക്കറിയ ഇപ്പോഴും ചെറുപ്പം തന്നെ. അന്നും ഇന്നും പുരോഗമനവാദിയുമാണ്. എന്നും ഒരു ഉൽപ്പതിഷ്ണുവും. മാതൃസഹോദരൻ മേനാംപറമ്പിൽ പാപ്പച്ചൻ സ്വാതന്ത്ര്യ സമരസേനാനിയും സ്റ്റേറ്റു കോൺഗ്രസ് നേതാവുമായിരുന്നു. എന്റെ പിതാവ് ആർ.വി.തോമസിന്റെ രാഷ്ട്രീയ ശിഷ്യനും. പി.ടി.ചാക്കോയുടെയും കെ.എം.ചാണ്ടിയുടെയും ചെറിയാൻ കാപ്പന്റെയുമൊക്കെ സഹപ്രവർത്തകൻ. ജോർജ് തോമസ് കൊട്ടുകാപ്പള്ളി പിതൃസഹോദര പുത്രനും. പാരമ്പര്യവഴിയിൽ സക്കറിയയുടെയും സ്വാഭാവിക ചായ്വ് കോൺഗ്രസിനോടു തന്നെയാവും.1969ലെ കോൺഗ്രസ് പിളർപ്പു കാലത്ത് ഞാൻ മൊറാർജി ദേശായി പക്ഷത്തുനിന്നപ്പോൾ കറിയാച്ചന്റെ മനസ്സു ഇന്ദിരയ്ക്കൊപ്പമായിരുന്നു. എന്നാൽ പിന്നീടു അടിയന്തരാവസ്ഥയുടെ പേരിൽ ഇന്ദിരാഗാന്ധിയെ ഇതു പോലെ വിമർശിച്ച വേറേ എഴുത്തുകാർ ഈ ഭൂമി മലയാളത്തിലില്ല. അടിയന്തിരാവസ്ഥയുടെ പേരിൽ അഴീക്കോടിനോടും സക്കറിയ കൊമ്പുകോർത്തു.

സക്കറിയ അടിസ്ഥാനപരമായി നോക്കിയാൽ കഥാകാരൻ തന്നെ. എന്നാൽ എഴുതിയ നോവലുകളും ഹിറ്റുകളായി എന്നതാണ് ശ്രദ്ധേയം. പിന്നെ ലേഖന സമാഹാരങ്ങൾ. യാത്രകളും യാത്രാവിവരണങ്ങളും. യാത്രാ വിവരണ സാഹിത്യ കൃതികളിലെല്ലാം തന്നെ എസ്.കെ.പൊറ്റക്കാടിന്റെ സ്വാധീനം പ്രകടമാണ്.

എഴുതിയ കഥകൾക്കും നോവലുകൾക്കും കണക്കില്ല. ലേഖനങ്ങൾക്കും. 1969 കാലത്താണ് സക്കറിയയുടെ മേൽസഹൃദയ ശ്രദ്ധ പതിയുന്നത്. പിന്നെ കഥകളുടെ ഒരു പ്രളയമായിരുന്നു. കുന്ന്, അമ്പാടി, ഒരു നസ്രാണി യുവാവും ഗൗളി ശാസ്ത്രവും, ആർക്കറിയാം, സലാം അമേരിക്ക, കണ്ണാടി കാൺമോളവും, കന്യാകുമാരിക്കഥകൾ, സക്കറിയയു ടെ യേശു

തുടങ്ങിയവയൊക്കെ ശ്രദ്ധിക്കപ്പെട്ടു. നോവലുകളിൽ ഭാസ്കര പട്ടേലരും എന്റെ ജീവിതവും, എന്തുണ്ട് വിശേഷം പീലാത്തോസേ, ഇഷ്ടികയും ആശാരിയും, വിധേയൻ, പ്രെയിസ് ദ് ലോർഡ്, ഒക്കെ വായനക്കാർക്കിടയിൽ ചിരിയും ചിന്തയു മുണർത്തി. ലേഖനങ്ങളിൽ ചിലതു വിവാദങ്ങൾക്കും വഴിമരുന്നിട്ടു. ബുദ്ധിജീവികളെക്കൊണ്ടു എന്തു പ്രയോജനം, സന്മനസ്സുള്ളവർക്ക് സമാധാനം; മതം, സംസ്കാരം, മത മൗലികവാദം ; സ്തുതിയായിരിക്കട്ടെ, എല്ലാം അക്കാലത്തു ജനങ്ങൾക്കിടയിൽ ചർച്ചയുമായി. സക്കറിയയുടെ സാധാരണ സംഭാഷണശൈലി പോലും വളരെ ഹൃദ്യമാണ്. ആകർഷ കവും.

### പ്രഭാഷകനെന്ന നിലയിലും സക്കറിയ ജനപ്രിയനാണ്.

വേദികളിൽ വേണമെന്നു വച്ചാൽ വാക്കുകൾ കൊണ്ടു തീ പടർത്താനും അറിയാം. നർമ്മം കലർന്ന വിമർശനവും മർമ്മത്തു കുത്തുന്ന പരിഹാസവുമാണ് സക്കറിയയുടെ പ്രസംഗശൈലി. എന്നാൽ കമ്പം എന്നും എഴുത്തിനോടു തന്നെ. എഴുതുന്നതിലും പറയുന്നതിലും മനസ്സു ചേർത്തു വയ്ക്കുമെന്നതാണ് സക്കറിയയുടെ സവിശേഷത. വിപ്ലവവും പുരോഗമനവുമൊക്കെ വാക്കിൽ മാത്രമല്ല ജീവിതത്തിലുമുണ്ട്. എം. എ യ്ക്കു കൂടെ പഠിച്ച പെൺകുട്ടിയോടു പ്രേമം തോന്നിയപ്പോൾ ജാതിയോ മതമോ ഭാഷയോ ഒന്നും നോക്കിയില്ല. പറഞ്ഞ വാക്കിൽ ഉറച്ചു നിന്നു. ആന്ധ്രയിലെ ബ്രാഹ്മണകുടുംബത്തിലെ ലളിത ജീവിത സഖിയായി. അവിടെയും ഇവിടെയും എതിർപ്പുണ്ടായി. സക്കറിയ സമ്മർദ്ദങ്ങൾക്കൊന്നും ' വിധേയൻ' ആവുകയോ നിലപാടു മാറ്റി പിൻമാറുകയോ ചെയ്തില്ല. ലളിതയും. ഡൽഹിയിലെ ഗാന്ധി മ്യൂസിയത്തിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു അന്നു ലളിത. കാലക്രമേണ തിരയടങ്ങി. സർവ്വരെയും അൽഭുതപ്പെടു ത്തിക്കൊണ്ടു എല്ലാം ശാന്തമായി. സക്കറിയാ ഒരു വിശ്വാസി ആണെങ്കിലും അല്ലെങ്കിലും കറിയാച്ചനു എന്നും ഒരു ദൈവാധീ നമുണ്ടായിരുന്നു എന്നു വിശ്വസിക്കുവാനാണ് എനിക്കിഷ്ടം!ഇപ്പോൾ കേരളത്തിന്റെ ഏറ്റവും വലിയ സാഹിത്യ ബഹുമതിയായ എഴുത്തച്ഛൻ പുരസ്ക്കാരം എന്റെപ്രിയ സ്നേഹിതനെ തേടിയെത്തിയിരിക്കുന്നു. അതും അദ്ദേഹ ത്തിന്റെ എഴുത്തിന്റെ ഹരിതകാലത്തു തന്നെ. എഴുത്തച്ഛൻ പുരസ്ക്കാരം ഇതു വരെ ലഭിച്ചവരിൽ ഏറ്റവും പ്രായക്കുറവും സക്കറിയയ്ക്കു തന്നെയാവണം. സമാനത കളില്ലാത്ത ഈ എഴുത്തിന്റെ വസന്തം അവസാനിക്കാ തിരിക്കട്ടെ. ജ്ഞാനപീഠവും അകലെയൊന്നു മല്ല.
ആയുഷ്മാൻ ഭവ:



ഡോ. സിറിയക് തോമസ് മുൻ എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ. അദ്ദേഹം നമ്മുടെ പാല ഏരിയാ അംഗം ശ്രീമതി എലീസ തോമസിന്റെ സഹോദരനാണ്.

മലയാളിയുടെ ഭാവനെയേയും,ചിന്തയേയും,സാമൂഹിക ബോധത്തെയും ഒരുപോലെ സ്വാധീനിച്ച എഴുത്തുകാരനാണ് സക്കറിയ. അദ്ദേഹം നമ്മുടെ പാലാ അംഗം അലക്സ് മേനാമ്പറമ്പിലിന്റെ പിതൃ സഹോദരീ പുത്രനാണെന്നതും കോട്ടയം ജില്ലക്കാരനാണെന്നതും നമുക്ക് അഭിമാനം പകരുന്നു.

## എസ്.ബി.ഐ.ജനറൽ ഇൻഷുറൻസിന്റെ വെബ്ബിനാർ



എ ജയകുമാർ
ജനറൽ സെക്രട്ടറി

എസ് ബി ഐ ജനറൽ ഇൻഷുറൻസിന്റെയും ബാങ്കിന്റെ കോർപ്പറേറ്റ് സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ നവംബർ 4ന് 3 മണി മുതൽ 5 മണി വരെ എസ്. ബി. ഐ. ഹെൽത്ത് അസിസ്റ്റ്, എസ് ബി ഐ ഹെൽത്ത് കെയർ എന്നീ മെഡിക്കൽ ഇൻഷുറൻസ് സ്കീമുകളെപ്പറ്റി ഒരു വെബ്ബിനാർ നടത്തി . നാലു മേഖലകളിലായി വെവ്വേറെ നടത്തുന്ന മീറ്റിങ്ങുകളിൽ കേരളം, കർണ്ണാടക, ചെന്നൈ, ഹൈദ്രബാദ്, അമരാവതി, അടങ്ങുന്ന ദക്ഷിണ മേഖലയിലെ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ പ്രതിനിധികളെ ഉൾപ്പെടുത്തിയ പ്രസ്തുത വെബ്ബിനാറിൽ പെൻഷനേഴ്സ് അസോസിയേഷൻ കേരളയെ പ്രതിനിധീകരിച്ച് സർവശ്രീ
കെ. രാജീവൻ പ്രസിഡന്റ്, എ ജയകുമാർ ജനറൽ സെക്രട്ടറി, ഡിജിഎസ് മാരായ ജോസ് മെർസിലിൻ, ജോസഫ് പാലയ്ക്കൽ, മാത്യു അടക്കാമുണ്ടയ്ക്കൽ, എന്നിവർ പങ്കെടുത്തു. കൂടാതെ ഫെഡറേഷൻ ജനറൽ സെക്രട്ടറി രമേഷ് ബാബു, സീനിയർ വൈസ് പ്രസിഡന്റ് ശാന്ത രാജു, ചെന്നൈയിൽനിന്നും തോമസ് ഫ്രാങ്കോ, ടി പി ചന്ദ്രശേഖരൻ തുടങ്ങിയവരും പങ്കെടുത്തവരിൽപ്പെടുന്നു. കോർപ്പറേറ്റ് സെന്ററിനെ പ്രതിനിധീകരിച്ച് ഡി.ജി.എം. പി പി ജി ശ്രീ കെ കെ സിങ്ങ് , എസ്ബിഐ ജനറലിനെ പ്രതിനിധീകരിച്ച് സർവ ശ്രീ സുധേഷ് ഭാവെ, ആത്മാരാം പരാബ്, ഡോക്ടർ പ്രണവ് ഷാ, ഡോക്ടർ നിതിൻ കാംഗ് നെ എന്നിവർ പങ്കെടുത്തു. മേൽപ്പറഞ്ഞ ഹെൽത്ത് ഇൻഷൂറൻസ് സ്കീമുകൾ നമ്മുടെ റിട്ടയറീസിന് എത്രത്തോളം സ്വീകാര്യമായി, അതിന്റെ നടത്തിപ്പിൽ ശ്രദ്ധയിൽ പെട്ടതും അനുഭവപ്പെടുന്നതുമായ വിഷമതകൾ, ന്യൂനതകൾ എന്നിവ പരിഹരിച്ച് ഇനിയും കൂടുതൽ മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ എന്നിവയായിരുന്നു മീറ്റിങ്ങിന്റെ മുഖ്യോദ്ദേശം. സപ്തംബർ 21ന് ആനന്ദ് രതി ഇൻഷൂറൻസ് ബ്രോക്കർ കമ്പനി ഇതിന് സമാനമായ ഒരു ഓൺലൈൻ മീറ്റിങ്ങ് നമ്മുടെ അസ്സോസിയേഷൻ പ്രതിനിധികളുമായി നടത്തിയതും വളരെ ഫലപ്രദമായ തരത്തിൽ പിന്നീട് കാര്യങ്ങൾ നടപ്പിൽ വരുത്താൻ നമുക്ക് കഴിഞ്ഞതും ഇവിടെ ഓർക്കേണ്ടതുണ്ട്.

ഔപചാരികമായ തന്റെ സ്വാഗതാശംസകൾക്ക് ശേഷം ഡോക്ടർ നിതിൻ കാംഗിനെ രണ്ടു സ്കീമുകളിലുമായി ഇത്

വരെ ലഭിച്ച ക്ലെയിമുകളെപ്പറ്റിയും അവയിൽ പാസ്സാക്കിയവ, തിരസ്കരിച്ചവ എന്നിവയെ സംബന്ധിച്ച പവർ പോയിന്റ് പ്രസന്റേഷൻ നടത്തി . രണ്ട് സ്കീമിലും കുടി ക്യാഷ് ലെസ് ഉം അല്ലാതെയും ഹെൽത്ത് അസിസ്റ്റ് 5112 ,ഹെൽത്ത് കെയർ 2128 മൊത്തം 6028 ക്ലയിം വന്നു. അതിൽ മൊത്തം തുക 31.51 കോടിയുടെ ക്ലെയിം അനുവദിച്ചു . 711 ക്ലെയിം മാത്രമേ ഇനി തീർക്കാനുള്ളൂ എന്ന് കാണിച്ചിരുന്നു . ടേൺ അറൗണ്ട് സമയം (TAT) വിവിധ സർക്കിളുകളിൽ ഏറ്റക്കുറച്ചിൽ ഉണ്ടെങ്കിലും ശരാശരി ക്യാഷ്ലെസ്സ് 2 ദിവസം മുതൽ 6 ദിവസം വരെയും അല്ലാത്ത കേസുകളിൽ 6 മുതൽ 20 ദിവസം വരെയും ആണ്. പ്രമാണങ്ങളുടെ കുറവ് കാരണം 318 എണ്ണം തീരുമാനം ആകാതെ നിൽക്കുന്നു അതിൽ 59% പോളിസി ബിയിലാണ്. കോവിഡ് ചികിത്സാ ഇനത്തിൽ 6 കോടി രൂപയുടെ ക്ലെയിംകൾ അംഗീകരിച്ച് പാസ്സാക്കിയ വിവരം അറിയിച്ചു . കോവിഡ് ചികിത്സ ചെയ്യാൻ ഹൈദരാബാദിലെ ചില ആശുപത്രികൾ വിസമ്മതിക്കുന്ന കാര്യവും കോവിഡ് ടെസ്റ്റി പോസിറ്റീവ് ആണെങ്കിൽ മാത്രം ബില്ല് പാസ്സാക്കുന്നതിലെ അപാകതയും ആമുഖമായി പറഞ്ഞതിന് ശേഷം താഴെ കൊടുത്തിരിക്കുന്ന പ്രധാന കാര്യങ്ങളും വിശദമായി ചർച്ചചെയ്തു.

- ചികിത്സ ചിലവിന് പരിധി നിശ്ചയിച്ചിരിക്കുന്ന രോഗങ്ങൾക്ക് പരമാവധി തുക ആശുപത്രികൾ ആവശ്യപ്പെടുമ്പോൾ അനാവശ്യമായ സംശയങ്ങളുയർത്തി ബില്ലുകൾ നിരസിക്കുന്നത്
- എസ് ബി ഐ ഹെൽത്ത് കെയർന്റെ ഐഡി കാർഡിൽ കാലാവധി തെറ്റായി 31.5.2021 എന്ന് കാണിച്ചിരിക്കുന്നത് 15.01.2021 എന്ന് തിരുത്തേണ്ടത്
- എസ് ബി ഐ ഹെൽത്ത് അസിസ്റ്റിൽ ചേരാൻ കഴിയാത്ത e- ab റിട്ടയേറിസിന് ചേരാൻ അവസരം കൊടുക്കണമെന്നത്.

കേരളത്തെ പ്രതിനിധികരിച്ചുകൊണ്ടു ശ്രീ രാജീവൻ താഴെ പറയുന്ന വിഷയങ്ങൾ അവതരിപ്പിച്ചു

1) Non receipt of Insurance ID cards by many of our members.

2) Delay in making corrections in Id cards and issue of I'd cards in the name of spouses wherever issued not yet3) Domiciliary - Insisting on prescriptions with 3 /6 months validity for continued treatment during the time of covid. In some cases the Doctors prescribe medicines but omit to mention the name of the disease which could be made out from the name of the medicines and in such cases asked to approach the Doctor for modification of the prescription

4) Cash less facility :
Delay suffered in discharge of the patient, some times even prolonged to late in the evening due to non sanction of final bill. Sometimes fund has to be arranged at the last moment to make the payment pending the approval of the cashless final bill.

5) Renewal of Policy - Renewal exercise and issue of Circular to be completed by the 1st week of December 2020. One more opening to be given to all leftout retirees to join the policy SBI Health Assist in January 2021 . Many Esbt retirees who have not joined IBA scheme and not having any policy to be given one more opportunity to join the policy for the first time.

6) Medical bill reimbursement
When the bills exceed basic sum insured there is delay in releasing the amount from top up.

7) More tie up with hospitals required in major towns in Northern Kerala esp Kasargode, Kannur and Wayanad Districts
8) Introduction of e-Pharamacy Scheme

This scheme may be extended to SBI Health Care also with or without subsidy but with higher Discount.

9 : There is no facility at Vidal's website to view online the status of the bills bills submitted , approved ,disallowed and rejections, reason for rejections
10. Card issued by one TPA is not accepted at another centre where TPA is different
11. Refusal to entertain medical insurance facility of SBI General at Amrutha hospital

യോഗത്തിൽ ഉന്നയിച്ച എല്ലാ വിഷയങ്ങൾക്കും എസ്ബിഐ ജനറൽ പ്രതിനിധികൾ വളരെ തൃപ്തികരമായ മറുപടി നൽകി. അതിൽ പ്രധാനപ്പെട്ടവ താഴെ പറയും പ്രകാരം.

1) കോവിഡ് ടെസ്റ്റ് ചെയ്യാൻ പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ രംഗത്തുണ്ട്. വിസമ്മതിക്കുന്നവർക്കു എതിരെ നിയമ നടപടികൾ ആരംഭിക്കും . കോവിഡ് ചികിത്സാ ടെസ്റ്റിന്റെ ചിലവുകൾ ഉൾപ്പെടുത്താനുള്ള നീക്കം നടക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ ഇപ്പോൾ തന്നെ അവ അനുവദിച്ചിട്ടിട്ടുണ്ട് .
2) ബാങ്കിന്റെ ചീഫ് മാനേജർ HR ഉൾപ്പെടുന്ന കമ്മറ്റിയുമായി ആലോചിച്ചതിന് ശേഷമാണ് ക്ലെയിമുകൾ നിരസിക്കുന്നത്. . പല AO യിലെയും ചീഫ് മാനേജർമാർക്ക് ഇതേപ്പറ്റി അറിവ് ഇല്ലാത്തതിനാൽ അവർക്കു വേണ്ടി **workshop** നടത്താൻ ആലോചനയുണ്ട് .
3) അടുത്ത പുതുക്കൽ സമയത്തു വീണ്ടും പുതുതായി ചേരാൻ അവസരം കൊടുക്കാൻ തീരുമാനം എടുക്കേണ്ടത് ബാങ്കാണ് .
4) ഐഡി കാർഡുകൾ കോവിഡ് കാലഘട്ടമായതുകൊണ്ടു കൃത്യമായി അയക്കാൻ സാധിച്ചില്ല. . തത്കാല ആവശ്യങ്ങൾക്കായി ഇ കാർഡിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഐ ഡി കാർഡിലെ തിരുത്തലുകൾ എത്രയും വേഗത്തിൽ നടപ്പിലാക്കാൻ ബാങ്കുമായി ബന്ധപ്പെട്ടിട്ടുണ്ട്.
5) ഡോക്ടർമാർ കുറിപ്പ് എഴുതുമ്പോൾ രോഗ വിവരം എഴുതിക്കാൻ ശ്രദ്ധിക്കണം , രോഗം അറിയാതെ പ്രസ്തുത മരുന്നിന് ഇൻഷുറൻസ് കവറേജ് ഉണ്ടോ എന്ന് തിട്ടപ്പെടുത്താൻ പ്രയാസമാണ്.
6) ആശുപത്രിയിൽ ഡിസ്ചാർജ്എഴുതിയാലും ഡോക്ടർമാർ റൌണ്ട് കഴിഞ്ഞാണ് കേസ് ഷീറ്റ് ക്ലോസ് ചെയ്യുന്നത് . തിരക്കുള്ള ഡോക്ടർമാർ കൂടുതൽ സമയം എടുത്തേക്കാം അതിന് ശേഷം ഫൈനൽ ബിൽ ശരിയാക്കുന്നു, TPA യ്ക്ക് അയക്കുന്നു , TPA കൂടിവന്നാൽ രണ്ട് മണിക്കുർ കൊണ്ട് അപ്പ്രൂവൽ ആക്കും. ബില്ല് TPA യ്ക്ക് അയക്കാൻ താമസം വരുന്നതാണ് മുഖ്യ പ്രശ്നം . അന്വഷിക്കുമ്പോൾ ബിൽആയിച്ചിട്ടുണ്ടെന്നു മറുപടി. പക്ഷേ ബിൽ ഒന്നുകിൽ അയച്ചിട്ടുണ്ടാകില്ല. അല്ലെങ്കിൽ അയയ്ക്കാൻ താമസം വന്നിട്ടുണ്ടായിരിക്കും.
7) പുതുക്കൽ നടപടികൾ ഇത്തവണ നേരത്തെ ആക്കാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്.
8) E- ഫർമാസി ഇൻഷുറൻസ് കമ്പനിയുടെ പരിധിയിൽ വരുന്നില്ല
9) ടോപ്പ് ആപ്പിൽ നിന്ന് പണം കൊടുക്കുന്നത് ഇപ്പോൾ എളുപ്പമാക്കിയിട്ടുണ്ട്
10) രാജ്യത്തിന്റെ ഏത് ഭാഗത്തായാലും ആശൂപത്രി ചികിത്സാ സംബന്ധമായ കാര്യങ്ങൾക്കു നമ്മുടെ TPA യുമായി ബന്ധപ്പെട്ടാൽ മതി .വിവിധ സർക്കിളുകളിൽ വേറെ TPA ആയതിനാൽ അതാതിടങ്ങളിലെ TPA യുടെ കൈവശം നമ്മുടെ വിവരങ്ങൾ ഇല്ലാത്തതുകൊണ്ട് അവർക്ക് നമ്മളെ സഹായിക്കാൻ സാധിക്കയില്ല.
11) വടക്കൻ കേരളത്തിൽ കൂടുതൽ ആശുപത്രിയുമായി ടൈ അപ്പ് ആക്കാൻ TPA യ്ക്ക് നിർദേശം കൊടുത്തിട്ടുണ്ട്. അതുപോലെ മംഗലാപുരം കോയമ്പത്തൂർ , അമരാവതി എന്നി സ്ഥലങ്ങളിലും ശ്രദ്ധിക്കുന്നതാണ്

12) website ഇൽ വിവരങ്ങൾ ലഭ്യമാക്കാൻ Vidal ആയി ചർച്ച ചെയ്യും , SBI ജനറൽ അതിന് വേണ്ടി ഒരു ആപ്പ് തയ്യാറാക്കുന്നുണ്ട് അത് വഴി മൊബൈലിലും വിവരങ്ങൾ ലഭിക്കും

13) അമൃത ആശുപത്രിമായിട്ടുള്ള വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട് . അവിടെ ഇപ്പോൾ ഒരു പ്രശ്നവും ഇല്ല

14) ഐഡി കാർഡിൽ തീയതി തെറ്റായി ചേർത്തത് അടുത്ത പുതുക്കൽ ജനുവരി 2021ൽ ശരിയാക്കും

15) ചില ആശുപത്രികൾ ചിലവായതിനേക്കാൾ കൂടിയ തുക ബില്ലുകളിൽ ഉൾപ്പെടുത്തുമ്പോഴാണ് ചികിത്സ പരിധി യിൽ താഴെയുള്ള തുക അനുവദിക്കുന്നത് . ഇത് അവരുടെ ഭാഗത്തെ കുറ്റമാണ് അത് അംഗീകരിക്കാൻ കഴിയില്ല.

ഇതുപോലെയുള്ള മീറ്റിംഗുകൾ ഇടവിട്ട വേളകളിൽ നടത്തുന്നതാണെന്നു അറിയിച്ചു . നന്ദി പ്രമേയത്തിന് ശേഷം 5 മണിയോടുകൂടി യോഗം അവസാനിച്ചു.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ** നവംബർ മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം നവംബർ മാസം 13 ന് നിയന്ത്രിതമായി ഓൺലൈനില്ക്കൂടി നടത്തി. **അത്യാവശ്യ തീരുമാനങ്ങളും ജി.ഡി.സി.എസ്. നറുക്കെടുപ്പും നടത്തി പിരിഞ്ഞു.**

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 നവംബർ മാസത്തിലെ നറുക്കെടുപ്പ് നവംബർ 13–ാം തീയതി വെള്ളിയാഴ്ച്ച 11.30ന് ഓൺലൈനിൽ നടത്തി. നറു ക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി – വട്ടമെത്തി**
2. **25,000 രൂപായുടെ കുറി – വട്ടമെത്തി**
3. **50,000 രൂപായുടെ കുറി – വട്ടമെത്തി**
4. **100,000 രൂപായുടെ കുറി** –(97) ശ്രീ. ജേക്കബ്ബ് ജോർജ്ജ് ചിറയിൽ
5. **100,000 രൂപായുടെ കുറി** – (120) ജോസഫ്. കെ. റ്റി. ക്ലബളംചിറ
6. **100,000 രൂപായുടെ കുറി** – (150)ത്രേസ്സ്യാമ്മ ആന്റണി, അടക്കാമുണ്ടയ്ക്കൽ
7. 100,000 രൂപായുടെ കുറി ( 173). ലിസ്സി ആന്റണി, തലയോലപ്പറമ്പ്
8. 100,000 രൂപായുടെ കുറി : സി.എൻ.കോമളകുമാരി

നറുക്കെടുപ്പിൽ വിജയിച്ചവർക്ക് ഡിസംബർ മാസം 11–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാ നിച്ചു.

## ക്ലെയിം ചെയ്യുന്നതിന്

**ക്ലെയിംചെയ്യുന്നതിനുള്ള അപേക്ഷാഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ** വിളിക്കുക. 94463 22416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

**കൊറോണാ വൈറസ് വ്യാപനം അധികരിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനു ള്ള പരിശ്രമങ്ങൾ തുടരുവാൻ കഴിഞ്ഞിട്ടില്ല. ഓഫീസ് സമയവും പ്രവർത്തിക്കുവാനും സാധിക്കാത്ത സാഹച ര്യത്തിൽ ഈ മാസത്തിൽ പുതിയ "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് അപേക്ഷകർ ആരുമില്ല.**

### . സി ക്ലാസ്സ്

**കൂടാതെ ഇനിപ്പറയുന്ന 3 പേർക്ക് "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.**

1. **ശ്രീമതി.ഡെയ്സി ജോസ്, ചെറുശ്ശേരി, ചുങ്കം,**
2. **ഷെർലി കെ മാത്യ, പടനിലം**
3. **മി.വിഷ്ണു.വി.നായർ വിഷ്ണുഭവൻ കുഴിമറ്റം**

## നവാഗതർക്ക് സ്വാഗതം!

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഈ മാസം ആരംഭിക്കുന്നു

**എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി 28–ാം തിയതി ആരംഭിക്കുന്ന വിവരം സന്തോഷ** പൂർവം അറിയിക്കുന്നു.

## ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

**25000 രൂപയുടെ ഒന്നു കുറികൾ വട്ടമെത്തു ന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി. സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ്.കുറി ഉടൻ ആരംഭിക്കുകയാണ്. വട്ട മെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ** വാട്സ് ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

# മെഡിക്കൽ ഇൻഷുറൻസ് എസ്.ബി.ഐ. ഹെൽത്ത് കെയർ

(.......കഴിഞ്ഞ ലക്കത്തിൽ നിന്നും തുടരുന്നു .....,.)



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ

## റിട്ടയേർഡ് എംപ്ലോയീസ് മെഡിക്കൽ ബനിഫിറ്റ് സ്‌കീം രജിസ്ട്രേഷൻ നടപടികൾ.

01. വിരമിച്ചയാളും പങ്കാളിയും നേരത്തെ പെൻഷൻ പേപ്പറുകളുടെ ആവശ്യത്തിനായെടുത്ത ജോയിന്റ് ഫോട്ടോയുടെ രണ്ടെണ്ണവുമായി പെൻഷന് ഓപ്റ്റ് ചെയ്തിരിക്കുന്ന ബ്രാഞ്ചിൽ പോവുക. റിട്ടയർമെന്റ് തീയതിക്കു പതിനഞ്ചു ദിവസം മുതൽ രജിസ്ട്രേഷൻ സാദ്ധ്യമാണ്.

02. തിരുവനന്തപുരം എൻ.എ.സി. ശാഖ (70502) യിൽ മാറത്തക്കവിധം, താഴെപ്പറയുന്ന ഏത് സ്‌കീമിലാണോ ചേരുന്നത് അതിനനുസരിച്ചുള്ള തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുക.SBI REMBS TRUST അക്കൗണ്ട് എന്ന പേരിൽ .

i. 7 ലക്ഷം രൂപയുടെ ഒറ്റത്തവണ തുക അടയ്ക്കേണ്ടത് 1.63 ലക്ഷം രൂപ.

ii. 10 ലക്ഷം രൂപ, ഒറ്റത്തവണ അടയ്ക്കേണ്ട തുക 2.30 ലക്ഷം രൂപ.

iii. 15 ലക്ഷം രൂപ, ഒറ്റത്തവണ അടയ്ക്കേണ്ട തുക 3.00 ലക്ഷം രൂപ.

iv. 20 ലക്ഷം രൂപ, ഒറ്റത്തവണ അടയ്ക്കേണ്ട തുക, 3.75 ലക്ഷം രൂപ.

3. ബ്രാഞ്ച് ടെല്ലർ (ബ്രാഞ്ച് എച്ച്.ആർ.എം.എസ്) https:REMBS.sbi.co.in>new registration>PF ലോഗിൻ ചെയ്യുക, (e-sbt പെൻഷനേഴ്സിന് എച്ച്.ആർ.എം.എസ് നമ്പർ). ഒരു പോപപ് പെൻഷനറുടെ പ്രൊഫൈലുൾപ്പെടെ ലഭ്യമാകുന്നതാണ്. അതിൽ ഡ്രാഫ്റ്റിന്റെ വിവരങ്ങൾ കൊടുത്ത ശേഷം ഒരു സ്റ്റേറ്റ്മെന്റ് എടുക്കുന്നു .അതിൽ എഡിറ്റ് ചെയ്യാവുന്ന കള്ളികളിൽ തെറ്റ് ഉണ്ടെങ്കിൽ തിരുത്തി 2 ജോയിന്റ് ഫോട്ടോകൾ സഹിതം രണ്ട് പേരും ഒപ്പിട്ട് കൊടുക്കുക .

4. ബ്രാഞ്ച് ടെല്ലർ/ യൂസർ ആവശ്യമുള്ള തിരുത്തൽ കൊടുത്തതിന് ശേഷം അപ്‌ലോഡ് ചെയ്യുന്നു തുടർന്ന് ഫൈനൽ ഫോം ജനറേറ്റ് ചെയ്യും .അത് ഒപ്പിട്ടു നൽകുക. acknowlegement കൈയിൽ വാങ്ങുക.

5) ബ്രാഞ്ച് ഒപ്പിട്ടു വാങ്ങിയ രണ്ടു ഫോമുകളും ഡ്രാഫ്റ്റും ,ഒരു ഫോട്ടോ ഒട്ടിച്ചും ഒന്ന് അല്ലാതെയും അതാത് ചീഫ് മാനേജർ(എച്ച്.ആർ) ,അഡ്‌മിനിസ്ട്രേറ്റീവ് ഓഫീസ്, എന്ന വിലാസത്തിൽ ,മറ്റു നടപടികൾക്കായി അന്നു തന്നെ അയയ്‌ക്കേണ്ടതാണ്.

രജിസ്ട്രേഷന് ശേഷം ഒരു മാസത്തിനകം, സ്‌കീമിൽ ചേർത്തവിവരം അറിയിക്കുന്നതാണ്.

1. ഇതിന്റെ പാസ് ബുക്ക് എച്ച് ആർ ഡിപ്പാർട്ട്മെന്റ്, എ.ഒ, യിൽ നിന്നും അയച്ചുതരുന്നതാണ്.

2. ഇൻഷുറൻസ് കമ്പനിയുമായി(എസ്.ബി.ഐ.ജനറൽ ഇൻഷുറൻസ്)എൻറോൾ ചെയ്തതിനു ശേഷം രണ്ടുപേർക്കും മെഡിക്കൽ ഇന്ഷുറന്സ് ഐ.ഡി കാർഡ്, രണ്ടു മാസത്തിനുള്ളിൽ വിദാൽ ഹെൽത്ത്, റ്റി.പി.എ, നൽകുന്നതാണ്.

## പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

### രണ്ട് പ്രധാനപ്പെട്ട അറിയിപ്പുകൾ

1) ഇൻകം ടാക്സ് റിട്ടേൺ സമർപ്പണവും അനുബന്ധ വിഷയങ്ങളും താഴെ കൊടുത്തിരിക്കുന്ന സംഘടന നേതാക്കളുടെ സഹായത്തോടെ എളുപ്പം ചെയ്യാം. സൗജന്യ സേവനം പ്രയോജനപ്പെടുത്താം

1) ശ്രീ വി കെ. പ്രഭാകരൻ , പാലാ മൊബ്.ന. 9447356444

2) ശ്രീ പുന്നൂസ് എസ് കോട്ടയം വാകത്താനം 94473 64228

2) എസ്.ബി.ഐ.ഷെയർ ഭൗതിക രൂപത്തിൽ കൈവശമിരിക്കുന്നവർക്ക് 2020 ഡിസംബർ 31 ന് മുൻപ് ഇലക്ട്രോണിക്ക് രൂപത്തിലേയ്ക്ക് മാറ്റാൻ ഡിമാറ്റ് അക്കൗണ്ട് ആൻഡ് ട്രേഡിങ്ങ് അക്കൗണ്ട് തുറക്കാനും എസ് ബി ഐ പാലാ ടൗൺ ബ്രാഞ്ചിൽ മിസ് ഡാനിയുടെ സഹായം ലഭ്യമാണ്. മൊബ് no . 7902368563

ആലപ്പുഴ ജില്ലയ്ക്ക് വേണ്ടിയുള്ള ആൾ കുമാരി നീന
Contact no : 8891524446



# വിവാഹിതരായി


എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷ ന്റെ ഇടുക്കി യൂണിറ്റ് അംഗം ശ്രീ.ബിജു ചെറിയാന്റെ മകൻ ജോർജ്ജ് ചെറിയാന്റെയും ശ്രീ.ബാബു മാണിയുടെ മകൾ ശ്രീമതി. ഷെറിന്റെയും വിവാഹം മുവറ്റുപുഴ അരമനപ്പള്ളിയിൽ വച്ച് 8.11.2020 ഞായറാഴ്ച്ച 10.30 ന് നടന്നു. . ഭാസുരമായ ദാമ്പത്യ ജീവിതം ഇരുവർക്കും ആശംസിക്കുന്നു.



ജോർജ്ജ് ചെറിയാനും ഷെറിനും






# നർമ്മ വീഥി









# കൗതുക വാർത്തകൾ



ഞാണിന്മേൽ കളിയാണേ! സമ്മതിക്കണം!

India's Election Commission doesn't get the credit it deserves.







*Do you ever look at something and wonder how it got there?*






നവംബർ 26

# യാത്രയയപ്പ്




**ശ്രീമതി. വൽസല ജോസഫ്**

**യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. ശ്രീമതി. വൽസല ജോസഫിനെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ** എറണാകുളം **ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് ക്ഷണിക്കുന്നു.**

## ശ്രീ.കെ.സി.ചന്ദ്രൻ




# പൂവരശ് ഇല

**പണ്ട് ഇഡലി ഉണ്ടാക്കാൻ പൂവരശ് ഇല ഉപയോഗിച്ചിരുന്നു . പഴയ കാല പ്രഭാത ഭക്ഷണങ്ങൾ തരുന്ന ഉണർവും ഉന്മേഷവും ഇന്ന് ഇല്ല. എപ്പോൾ നോക്കിയാലും ക്ഷീണവും തളർച്ചയും ഉള്ള ജനത. പ്ലാവ് ഇല കുമ്പിൾ കുത്തി ചൂട് കഞ്ഞി കുടിച്ച ഒരു ജനത ഇവിടെ ഉണ്ടായിരുന്നു .അവർക്ക് തൈറോയിഡ് ഉണ്ടായിരുന്നില്ല .വട്ടയിലയിൽ ആഹാരം കഴിക്കുന്നത് പ്രതിരോധ ശേഷി വർദ്ധിപ്പിക്കും , നാഡിവ്യൂഹത്തെ ശക്തിപ്പെടുത്തും ,കഫത്തെ ഇല്ലാതെ ആക്കും . പൂവരശ് ത്വക്ക് രോഗങ്ങൾ വരാതെ ഇരിക്കാൻ നല്ലതാണ് . ഇനി ഇഡലി ഉണ്ടാക്കുമ്പോൾ പൂവരശ് ഇല ഇട്ട് മാവ് ഒഴിച്ചേ ഇഡലി ഉണ്ടാക്കും എന്ന് തീരുമാനിക്കണം . നെഞ്ച് അരപ്പ് വന്നാൽ തെങ്ങിന്റെ ഈർക്കിൽ ചവച്ച് നീർ ഇറക്കാൻ പറഞ്ഞ പഴയ തലമുറക്ക് ഓരോ ഇലയുടെയും ഗുണം അറിയാമായിരുന്നു . മഞ്ഞൾ ഇല ,വാഴയില, പരുത്തിയില, വയണ ഇല, പൂവരശിന്റെ ഇല, മാവിലയിലും, പേരയിലയിലും കശുമാവിന്റെ ഇലയിലും അട ഉണ്ടാക്കാം . ഓരോന്നിനും ഓരോ flavor ആണ്.**

**വാഴയിലയുടെ ഗുണങ്ങൾ അറിഞ്ഞാൽ ഇനി എല്ലാവരും ഭക്ഷണം വിളമ്പാനും , ഭക്ഷണം പൊതിയാനും , അടച്ച് വെക്കാനും എല്ലാം വാഴ ഇലയേ ആശ്രയിക്കും . വാഴ ഇലയിൽ തട്ടി വീഴുന്ന ആവി വെള്ളം ഔഷധമാണ് . ഇതിൽ ചൂടുള്ള ആഹാരം വിളമ്പുന്നതിലൂടെ വാഴയിലയിലെ ന്യൂട്രിയന്റുകൾ ബഹിർഗമിക്കുവാനും ആഹാരത്തോടൊപ്പം കലരുവാനും സഹായിക്കുന്നു .ഇലകളില് ഭക്ഷണം കഴിക്കുന്നത് രക്തം ശുദ്ധിയാക്കാന് നല്ലതാണ്. ശരീരത്തിനുള്ളിലെ ടോക്സിനുകള് നീക്കം ചെയ്യാനും കിഡ്നി, ബ്ലാഡര് പ്രശ്നങ്ങള് പരിഹരിക്കാനും ഇലകളില് ഭക്ഷണം സഹായിക്കും. ശരീരത്തിലെ അവയവങ്ങള്ക്ക് ഉറപ്പു നല്കാനിത് നല്ലതാണ് , ചർമ്മ സൗന്ദര്യത്തിനും വാഴയിൽ ഭക്ഷണം നല്ലത് തന്നെ . ഓരോ ഇലക്കും ഉള്ള ഔഷധ ഗുണങ്ങൾ അറിഞ്ഞ് നമ്മുടെ പൂർവ്വീകർ നൽകിയ ഓർമ്മക്കായി ഇത്തരം ഭക്ഷണം ഇനി കഴിക്കാൻ ശ്രമിക്കുക**



**ജോസഫ് പാലക്കൻ,**
**ഡി.ജി.എസ്. എറണാകുളം**
**അയച്ചുതന്നതിൽ നിന്നും**

## വായനക്കാർ എഴുതുന്നു........




കോട്ടയം ജില്ലയുടെ നേതൃത്വം മുൻകൈ എടുത്ത് നടത്തുന്ന എല്ലാ സംരംഭങ്ങളും ശ്ലാഘനീയം, മാതൃകാപരം. അഭിനന്ദനങ്ങൾ. താങ്കൾക്കും ടീമിനും അനുമോദനങ്ങളും .
സ്നേഹത്തോടെ,
എസ്.രാധാകൃഷ്ണൻ,
ജില്ലാ സെക്രട്ടറി, തിരുവനന്തപുരം

Thank you. Excellent presentation
With All the best wishes



Regards, P. Surendranath Bhas
**ഡി.ജി.എസ്.**,തിരുവനന്തപുരം

പ്രിയ രാഘവൻ സർ,
ഒക്ടോബർ ലക്കം ഒയാസിസ് മുഴുവനും വായിച്ചു. ഓരോ ലക്കവും ഒന്നിനൊന്ന് മെച്ചപ്പെട്ടു വരുന്നതിൽ അതിയായ സന്തോഷം. ഈ ദിശയിലുള്ള കോട്ടയം ടീമിന്റെ, വിശിഷ്യ താങ്കളുടെ വിട്ടുവീഴ്ച്ചയില്ലാത്ത പ്രയത്നം എടുത്ത് പറയാതെ വയ്യ. അകം നിറഞ്ഞ അനുമോദനങ്ങൾ!!
എന്റെ കവിത പ്രസിദ്ധീകരിച്ചതിന് നന്ദി. സത്യത്തിൽ ഇത് പ്രസിദ്ധീകരണ യോഗ്യമാണോയെന്ന സംശയ ത്തിലായിരുന്നു ഞാൻ. എനിക്ക് തന്ന അംഗീകാരം എന്നിൽ വളത്തുന്ന ആത്മവിശ്വാസം ചെറുതൊന്നുമല്ല എന്ന് നന്ദിയോടെ അറിയിക്കട്ടെ.
ജോസഫ് തേക്കനാൽ, തൊടുപുഴ
ജില്ലാ പസിഡന്റ്, ഇടുക്കി

**സർ.**
**താങ്കൾ കാസർഗോഡ് ജില്ലയോട് പ്രത്യേകിച്ച് കാഞ്ഞങ്ങാടി നോട് കാണിക്കുന്ന ഈ പ്രത്യേക താല്പര്യത്തിന് ഞങ്ങൾ സ്നേഹത്തിന്റെ ഭാഷയിൽ ഹൃദയപൂർവം നന്ദിയും കടപ്പാടും അറിയിക്കട്ടെ.**
**എം.വിജയൻ,**
**ജില്ലാ സെക്രട്ടറി, കാസർഗോഡ്**

**Respected Raghavan Sir,**
**Hearty Congratulations on the new edition of OASIS. Almost all the events of October find a place in the issue.**
**Poems from our Association 's beloved President Sri. K. Rajeevan and President of Idukki District Committee Sri. T. J. Joseph are the main attractions. Issues are getting more and more attractive.**
**Congratulations to the entire TEAM, KOTTAYAM.**



എ.ജയകുമാർ, **ജനറൽ സെക്രട്ടറി**
തിരുവനന്തപുരം

## എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ വെബ്സൈറ്റ്

**Our WEBSITE is Redesigned and Hosted**

**Our Website address:sbipensionersassociationkerala.org**

**Menu**

***About us *Mission, Vision,**
***Bye law *Office bearers**
***State, District *Members**
***Bulletins *Our Bulletins**
***OASIS (e-bulletin of Kottayam District Unit)**
***Special Bulletin**

**Downloads**

***Association *Mediclaim Insurance**
***Golden Treasures *Circulars**
***Association Circulars *Mediclaim Circulars**
***Bank Circulars *Bank Dispensary**
***Pension Loan *SBI Holiday Homes**
***Mediclaim Policy A & B**
***SBI e – pharmacy *Obituary**
***Messages *Activities**
***Gallery *Contact us.**

**നമ്മുടെ പുതിയ വെബ്സൈറ്റിന്റെ പൂർത്തീകര ണത്തിന് പാലക്കാട് ജില്ലാ സെക്രട്ടറി ശ്രീ.രാധാ കൃഷ്ണൻ പുല്ലഞ്ചേരി വഹിച്ച സ്തുത്യർഹമായ പങ്ക് എടുത്ത് പറയാതെ വയ്യ. അഭിനന്ദനങ്ങൾ!!**

**The site is available to you through your Desktop, Laptop, Tablet and Smartphone. We intend to reduce the load on whatsapp in sharing important information.We have also provided links to our Facebook, Twitter and Instagram for sharing information and discussions.**
**Please visit our website and give your valuable feedback for improvement**
**General Secretary**
**SBI PENSIONERS' ASSOCIATION, KERALA**

# സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ കൊല്ലം ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കൊല്ലം ജില്ലാ ഘടകത്തിന്റെ ഭരണ സമിതി യോഗം നവംബർ നവംബർ 20–ാം തീയതി വെള്ളിയാഴ്ച്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. ജില്ലാ പ്രസിഡന്റ് ശ്രീ.ഗോപകമാർ.എസ്. അദ്ധ്യക്ഷത വഹിച്ചു. **ജില്ലാ സെക്രട്ടറി** ശ്രീ.പുê ഷോത്തമൻ പിള്ള **റിപ്പോർട്ടും കണക്കും ഉൾപ്പടെ വിവിധ കാര്യങ്ങൾ** അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചു. **ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ.ഗണപതി കൃഷ്ണൻ, തുടങ്ങിയവർ നേതൃത്വം നല്കി. 3 മണി ക്കാരംഭിച്ച യോഗം അജണ്ട പ്രകാരമുള്ള കാര്യങ്ങൾ മുഴുവൻ പൂർത്തിയാക്കി 5 മണിക്കാണവസാനിച്ചത്.**




**സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ കൊല്ലം ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം നടന്നപ്പോൾപങ്കെടുത്ത അംഗംഗളുടെ ഒരു ദൃശ്യം**

## കോട്ടയം–1 ഏരിയ കമ്മറ്റി യോഗം

നവംബർ 20–ാം തീയതി 11 മണിക്ക് ശ്രീ ഈശോ ചെറിയാന്റെ അദ്ധ്യക്ഷതയിൽ കുടുകയുണ്ടായി . ഈശ്വര പ്രാത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് അദ്ദേഹം സംസാരിച്ചു .പെൻഷൻ പുതക്കാത്തതിൽ റിട്ടയറീസിനുള്ള അമർഷം അദ്ദേഹം രേഖപ്പെടുത്തി .തുടർന്ന് ശ്രീ പി എം ജേക്കബ് ,ഡിസ്ട്രിക്ട് സെക്രട്ടറി നമ്മുടെ ജില്ലയിലെ പ്രവർത്തങ്ങളെ വിലയിരുത്തി സംസാരിച്ചു. മെമ്പർഷിപ് ക്യാമ്പയിൻ നടത്തുന്നതിന്റെ ആവശ്യകതെയുംപ്പറ്റിയും പറഞ്ഞു . പുതിയ benevolent ഫണ്ടിന്റെ നടത്തിപ്പിനെയും സംബന്ധിച്ചു വിശദികരിച്ചു . അതിന് ശേഷം പ്രസിഡന്റ് ശ്രീ എം ജി രാഘവൻ ആനുകാലിക വിഷയങ്ങളെ പ്രതിപാദിച്ചു സംസാരിച്ചു .
അദ്ദേഹത്തിന് ശേഷം സംസാരിച്ചത് സ്റ്റേറ്റ് കമ്മിറ്റി മെമ്പർ റെയസാ ബിഗം ആയിരുന്നു . ഇങ്ങനെ ഒരു പ്രോഗ്രാം സംഘടിപ്പിക്കാൻ സാധിച്ചതിൽ സംതൃപ്തി രേഖപ്പെടുത്തി . തുടർന്ന് സംസാരിച്ചത് ഡി ജി എസ് ശ്രീ മാത്യു അടയ്കാമുണ്ടയ്ക്കൽ ആയിരുന്നു . സ്പെഷ്യൽ ബുള്ളറ്റിൻ , ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം , മെമ്പർഷിപ് , ഈ ഡയറക്ടറി സ്ട്രൂക്ചേർഡ് മീറ്റിങ് ലെ വിഷയങ്ങൾ ,പെൻഷൻ പുതുക്കൽ മറ്റ് ഇതര വിഷയങ്ങളെ സംബന്ധിച്ചു സംസാരിച്ചു . അതിനുശേഷം പ്രവർത്തകരുടെ ഊഴം ആയിരുന്നു , ഡിസ്പെൻസറി സംബന്ധമായ പരാതി പ്രധാനമായും മരുന്ന് കിട്ടുന്നില്ലായെന്നുള്ളതായിരുന്നു . അതുപോലെ സ്കാനിങ്ങിനും തുടർ ചികിത്സയ്ക്കും ഇൻഷുറൻസ് കവർ കിട്ടേണ്ട ആവശ്യകത ശ്രീ സ്റ്റീഫൻ ചെറിയാൻ അവതരിപ്പിച്ചു



**കോട്ടയം–1 ഏരിയ കമ്മറ്റി യോഗം നവംബർ 20–ാം തീയതി 11 മണിക്ക് കൺവീനർ ശ്രീ ഈശോ ചെറിയാന്റെ അദ്ധ്യക്ഷതയിൽ നടന്നപ്പോൾ**

സംശയങ്ങൾ ഡി ജി എസ് മറുപടി പറഞ്ഞു . ഡിസ്പെന്സറിയെ സംബന്ധിച്ചുള്ള പരാതി ബാങ്ക് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട് എന്ന് കൂട്ടിച്ചേർത്തു . 31-12-2020 വരെ വെളിയിൽ നിന്ന് മരുന്ന് വാങ്ങിച്ചു റിയമ്പേഴ്സ്മെന്റ് സൗകര്യം പ്രയോജനപ്പെടുത്താൻ അദ്ദേഹം അഭ്യർത്ഥിച്ചു . അതുപോലെ പോളിസി ബി യിൽ ചേർന്നവർ ഈ ഫർമാസി ഉപയോഗിക്കാനും അദ്ദേഹം നിർദ്ദേശിച്ചു . രാജ്മോഹൻ AGS ഇൻഷുറൻസ് സ്കീമിൽ ചേരാൻ ഒരവസരം കുടി ബാങ്ക് കൊടുക്കണമെന്ന് അഭിപ്രായപ്പെട്ടു . മാസത്തിൽ ഒരു പ്രാവശ്യം ഇതുപോലെ ഒരു യോഗം കൂടാൻ അവസരം ഉണ്ടാകണമെന്ന് ശ്രീ ജെയിൻ പറഞ്ഞു . മാസത്തിൽ ഒരിക്കൽ ഒരു നിശ്ചിത സമയത്തു ഒരു ഓപ്പൺ ഫോറം സജ്ജീകരിക്കുന്നതിനെപ്പറ്റി ആലോചിക്കാമെന്നു ഡി ജി എസ് ഉറപ്പ് നൽകി .ആർക്കും മീറ്റിങ്ങിൽ ചേരാം ചോദിക്കാം അങ്ങനെ ഒരു ക്രമികരണത്തെപ്പറ്റി ചിന്തിക്കാം എന്ന് പറഞ്ഞു . ശ്രീ വിശ്വനാഥൻ നായർ ഓസ്ട്രേലിയിൽ നിന്ന് ജോയിൻ ചെയ്തു ആശംസകൾ നേർന്നു . ശ്രീ ജെയിൻ അബ്രഹാം എല്ലാവർക്കും നന്ദി പറഞ്ഞു . ഇരുപതിൽ പരം പ്രവർത്തകർ യോഗത്തിൽ പങ്കെടുത്തു
യോഗം 12.30 പിഎം ന് അവസാനിച്ചു

## കോട്ടയം–2ഏരിയ കമ്മറ്റി യോഗം

നവംബർ 25–ാം തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. 2.50 മുതൽ അംഗങ്ങൾ ജോയിൻ ചെയ്തു തുടങ്ങിയിരുന്നു. 36 അംഗങ്ങൾ പങ്കെടുത്തു. കോട്ടയം ജില്ലാ വൈസ്

പ്രസിഡന്റും കോട്ടയം ഏരിയാക്കമ്മറ്റി – 2 കൺവീനറുമായ ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ജോയിന്റ് കൺവീനർ ശ്രീ. കെ.ജെ.വർഗീസ് സംസാരിച്ചു. അദ്ദേഹം സ്വാഗത പ്രസംഗത്തിൽ കേന്ദ്രധനമന്ത്രി പെൻഷനേർസിന് ആശ്വാസവും, പ്രത്യാശയും നൽകുന്ന തീരുമാനങ്ങൾ എടുത്തതാണെന്നും, സംഘടന വേണ്ട പുനർനടപടികൾ എടുക്കണമെന്നും നിർദ്ദേശിച്ചു.

തുടർന്ന് കൺവീനർ അദ്ധ്യക്ഷപ്രസംഗത്തിൽ കോവിട് കാലത്ത് എല്ലാവരേയും കാണുവാനും സൗഹൃദം പുതുക്കുവാനും കഴിഞ്ഞതിലുള്ള സന്തോഷം പങ്കുവച്ചു. ലൈഫ്സർട്ടിഫിക്കേറ്റ് നൽകേണ്ട അവസാനതീയതി, 31 ഡിസംബർ ആണെന്ന് അംഗങ്ങളെ ഓർമ്മിപ്പിച്ചു. എല്ലാവരും നമ്മുടെ വാട്സാപ്പ് ഇൻഫർമേഷനുകളും അറിയിപ്പുകളും, വായിക്കണമെന്നും, ഗ്രഹിക്കണമെന്നും നിർദ്ദേശിച്ചു.





കോട്ടയം-2 ഏരിയ കമ്മറ്റി യോഗം നവംബർ 25-ാം തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക് കൺവീനർ ശ്രീ. കെ.എൻ. വിശ്വനാഥൻ നായരുടെ അദ്ധ്യക്ഷതയിൽ നടന്നപ്പോൾ

തുടർന്ന് ശ്രീ പി എം ജേക്കബ് ,ഡിസ്ട്രിക്ട് സെക്രട്ടറി നമ്മുടെ ജില്ലയിലെ പ്രവർത്തങ്ങളെ വിലയിരുത്തി സംസാരിച്ചു. മെമ്പർഷിപ് ക്യാമ്പയിൻ നടത്തുന്നതിന്റെ ആവശ്യകതയെയുംപ്പറ്റിയും പറഞ്ഞു . ജില്ലയിലെ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി സെക്രട്ടറി ശ്രീ.പി.എം.ജേക്കബ് സംസാരിച്ചു. സംഘടനയിൽ ചേരാതെ മാറിനിൽക്കുന്ന നമ്മുടെ മുൻ സഹപ്രവർത്തകരെ സംഘടനയിൽ ചേർക്കുവാൻ ശ്രമിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ ആനുകാലിക സംഭവങ്ങളെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം ബെനവലന്റ് ഫണ്ട് സ്കീമിനെക്കുറിച്ചും, നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. എല്ലാ അംഗങ്ങളും സൊസൈറ്റി അംഗത്വം എടുക്കണമെന്നും അഭ്യർത്ഥിച്ചു.

തുടർന്ന് ഡി.ജി.എസ്. ശ്രീ.. മാത്യു അടക്കാമുണ്ടക്കൽ സംഘടനയിലുള്ള അംഗങ്ങളുടെ അടിയുറച്ച വിശ്വാസത്തിന്റെ തെളിവാണ് ഈ ഗൂഗിൾ മീറ്റിൽ ഇത്രയും അംഗങ്ങളുടെ സാന്നിധ്യം പ്രകടമാക്കുന്നത് എന്ന് ആമുഖമായി പറഞ്ഞു.

- സ്പെഷ്യൽ ബുള്ളറ്റിൻ
- ലൈഫ്സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാര്യങ്ങൾ




കോട്ടയം യൂണിറ്റ് 2 ഏരിയ കമ്മറ്റിയുടെ ഓൺ ലൈൻ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ

- ബ്രാഞ്ചുകളിൽ പെൻഷനേർസ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ
- ഫിസിക്കൽ ഫോമിലുള്ള ഷെയർ സർട്ടിഫിക്കറ്റുകൾ അത്യാവശ്യമായി ഡിമാറ്റ് ചെയ്യേണ്ട ആവശ്യം
- സ്ട്രച്ചേർഡ് മീറ്റിംഗിലെ തീരുമാനങ്ങൾ
- പോളിസി ബി ( SBI health assist ) ഇൻഷുറൻസ് ജനുവരി ആദ്യവാരം പുതുക്കേണ്ടതിനെപ്പറ്റിയും
- വീട്ടുപടിക്കൽ മരുന്നു ലഭ്യമാകുന്ന ഈ ഫാർമസി സൗകര്യത്തെകുറിച്ചും
- പെൻഷൻ അപ്ഡേഷൻ സംബന്ധിച്ച് ഫെഡറേഷൻ പ്രസിഡന്റ് ശ്രീ.ജി.കെ.ഗാന്ധി നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങളും
- A.O. ഓഫീസിൽ വിധാൽ ഹെൽത്ത് ഇൻഷുറൻസ് റെപ്രെസെൻന്റേറ്റീവ് സഹായത്തിനായി ഉള്ള വിവരങ്ങളും
- ഫാമിലി പെൻഷനേർസിന് ലാസ്റ്റ് ഡ്രോൺ സാലറിയുടെ 30% പെൻഷൻ ലഭ്യമാകുന്ന കാര്യവും വളരെ വിശദമായി സംസാരിച്ചു.

- സംസ്ഥാനത്ത് മൊത്തം 8233 അംഗങ്ങളും കോട്ടയം ജില്ലയിൽ 581 അംഗങ്ങളും ഉണ്ടെന്നും അത് 1000 ആക്കുവാൻ എല്ലാവരും സഹകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

A.G.S. ശ്രീ.രാജ്മോഹനൻ നായർ, സ്റ്റേറ്റ് കമ്മറ്റി അംഗം ശ്രീമതി.റൈസാ ബീഗം എന്നിവർ ഏരിയാക്കമ്മറ്റി അതാതു മാസം വിരമിച്ചു വരുന്ന അംഗങ്ങളെ സംഘടനയിൽ ചേർക്കുന്നതിന് മുന്നിട്ടിറങ്ങി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്തു. എസ്.ബി.ഐ.ഷെയർ ഭൗതിക രൂപത്തിൽ കൈവശമിരിക്കുന്നവർക്ക് 2020 ഡിസംബർ 31 ന് മുൻപ് ഇലക്ട്രോണിക്ക് രൂപത്തിലെയ്ക്ക് മാറ്റാൻ ഡിമാറ്റ് ട്രേഡിങ്ങ് അക്കൗണ്ട് തുറക്കാനും നമ്മുടെ സൊസൈറ്റിയിൽ ആരംഭിക്കുന്ന ജി.ഡി.സി.എസ്.ൽ സ്വമേധയാ ചേർന്നും പുതിയ അംഗങ്ങളെ ചേർത്തും സഹകരിക്കണമെന്നും ശ്രീമതി.റൈസാ ബീഗം അംഗങ്ങളെ ഓർമ്മിപ്പിച്ചു.

തുടർന്നു നടന്ന ഓപ്പൺ ഫോറം സജീവമായിരുന്നു. ശ്രീ.എം.ജെ.ജയിസ്, ശ്രീ.തോമസ് വള്ളിക്കാപ്പൻ, ശ്രീ.ഷെറി.എം.പാരേട്ട്, ശ്രീ.ജോസഫ് എബ്രഹാം, ശ്രീ.ജിജി കോശി ജോർജ്, ശ്രീ.വി.ആർ.ബാലകൃഷ്ണൻ നായർ, ശ്രീമതി.വനജ. പി. കെ. തുടങ്ങിയവർ സംസാരിച്ചു.

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ അവരുടെ നിർദ്ദേശങ്ങൾക്കും, സംശയങ്ങൾക്കും മറുപടിനൽകി. ശ്രീ.വി.ആർ. ബാലകൃഷ്ണൻ നായർ അംഗങ്ങൾക്ക് സൗജന്യമായി യോഗ പരിശീലനം നൽകാമെന്ന് അറിയിച്ചു. അംഗങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തുക. മാസത്തിൽ ഒരിക്കലെങ്കിലും ഇത്തരം മീറ്റിംഗുകൾ വേണമെന്ന് എല്ലാഅംഗങ്ങളും ആവശ്യപ്പെട്ടു. നന്ദി പ്രകാശനം എക്സി.അംഗം ശ്രീ.രഘുകുമാർ.വി. നടത്തി. 5.15 ന് യോഗം അവസാനിച്ചു.

## പാലാ ഏരിയ കമ്മറ്റി മീറ്റിംഗ്

**പാല ഏരിയാ കമ്മറ്റി യോഗം നവംബർ 26-ാം തീയതി വ്യാഴം രാവിലെ 11 മണിക്ക് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി.**

36 അംഗങ്ങൾ പങ്കെടുത്തു. ഏരിയാക്കമ്മറ്റി കൺവീനറായ ശ്രീ. ജോസഫ് ജോൺ അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ജോയിന്റ് കൺവീനർ ശ്രീ. അനിൽ കുമാർ സംസാരിച്ചു. തുടർന്നു കൺവീനർ 08.02.2020 മീറ്റിംഗ് കഴിഞ്ഞ് ഏരിയാ കമ്മറ്റി യോഗം ഇത്രയും താമസിച്ചതിനെക്കുറിച്ചും 25.08.2020ലെ പാലാ ഏരിയ എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗിനെ കുറിച്ചും സംസാരിച്ചു. നമ്മുടെ പ്രസിദ്ധീകരണമായ ഒയാസിസിനും സ്പെഷ്യൽ ബുള്ളറ്റിനും അഭിനന്ദനങ്ങൾ അറിയിച്ചു. സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ചും പുതുതായി അംഗങ്ങളെ ചേർക്കുന്നതിനെക്കുറിച്ചും ഡിസ്ട്രിക്ട് സെക്രട്ടറി ശ്രീ ജേക്കബ് സംസാരിച്ചു. പ്രസിഡന്റ് ശ്രീ. എം ജി രാഘവൻ ബാങ്കിംഗ് സംവിധാനത്തിലെ ആനുകാലിക മാറ്റങ്ങളെക്കുറിച്ചും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ, ലോൺ ലഭ്യത, ഒയാസിസ്ബുള്ളറ്റിൻ തുടങ്ങിയ കാര്യങ്ങളേക്കുറിച്ചു വിശദമായി സംസാരിച്ചു.



പാലാ ഏരിയ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

തുടർന്ന് ശ്രീ മാത്യു അടക്കാമുണ്ടക്കൽ അംഗങ്ങൾക്കുണ്ടാകുന്ന ബാങ്ക് സംബന്ധമായ പ്രയാസങ്ങളെക്കുറിച്ചും ലൈഫ് സർട്ടിഫിക്കറ്റ് സബ്മിഷൻ, ഇൻഷുറൻസ് പരിരക്ഷ, ക്ലെയിം സബ്മിഷൻ, ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന പെൻഷൻ റിവിഷൻ, സ്ട്രക്ച്ചർഡ് മീറ്റിംഗ് തുടങ്ങിയ എല്ലാ ആനുകാലിക വിഷയങ്ങ ളെക്കുറിച്ചും വിശദമായി സംസാരിച്ചു.

തുടർന്ന് ശ്രീമതി റൈസാ ബീഗം, ശ്രീ വിശ്വനാഥൻ നായർ, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ശ്രീ. പി.എസ്. രാജ്മോഹനൻ നായർ, എന്നിവർ ആശംസകൾ അറിയിച്ചു.


പിന്നീട് പൊതു ചർച്ചയിൽ അംഗങ്ങളുടെ സംശയങ്ങൾക്കും നിർദേശങ്ങൾക്കും ജില്ലാ ഭാരവാഹികളും DGS ഉം മറുപടി പറഞ്ഞു. ഇൻകം ടാക്സ് റിട്ടേൺ സബ്മിഷന് ബുദ്ധിമുട്ടോ സംശയമോ ഉള്ളവർക്കു ശ്രീ പ്രഭാകരൻ ആൻഡ് ടീമിനെ സമീപിക്കാമെന്ന് ശ്രീ അലക്സ് മേനൊമ്പറമ്പിൽ അറിയിച്ചു.

ശ്രീ അലക്സ് കാട്ടക്കയത്തിന്റെ നന്ദി പ്രകാശനത്തോടെ മീറ്റിംഗ് 1 മണിയോടെ സമംഗളം സമാപിച്ചു.

## ചങ്ങനാശ്ശേരി ഏരിയ കമ്മറ്റി മീറ്റിംഗ്.

27.11.2020 ൽ 3.15 P.M.ന് ഏരിയ കൺവീനർ ശ്രീ. ജോൺ വി.ചെറിയാന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. 27 അംഗങ്ങൾ പങ്കെടുത്തു. ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ജോ..കൺവീനർ ശ്രീ.ഉണ്ണി ക്കുഞ്ഞിന്റെ സ്വാഗതത്തോടെ മീറ്റിംഗ് ആരംഭിച്ചു. തുടർന്ന് കൺവീനർ അദ്ധ്യക്ഷ പ്രസംഗത്തിൽ പരിമിതികൾ ഉണ്ടെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ ഓൺ ലൈൻ മീറ്റിംഗുകളുടെ പ്രാധാന്യത്തെക്കുറിചച് സംസാരിച്ചു. ലൈഫ്സർട്ടിഫിക്കേറ്റ് നൽകേണ്ട അവസാനതീയതി, ഡിസംബർ 31 ആണെന്ന് അംഗങ്ങളെ ഓർമ്മിപ്പിച്ചു. നമ്മുടെ വാട്സാപ്പ് ഉപയോഗിക്കാത്ത അംഗങ്ങൾ ,അവരുടെ അടുത്ത കുടുംബാംഗത്തിന്റെ നമ്പർ അറിയിച്ചാൽ ഗ്രൂപ്പിൽ ചേർത്ത് വിവരങ്ങൾ അറിയുവാനുള്ള സൗകര്യമുണ്ടാക്കുമെന്ന് അറിയിച്ചു. ജില്ലയിലെ സംഘടനാപ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി സെക്രട്ടറി ശ്രീ.പി.എം.ജേക്കബ് സംസാരിച്ചു. നമ്മുടെ അംഗത്വം വർദ്ധിപ്പിക്കുന്നതിന് എല്ലാവരുടെയും

കൂട്ടായ പ്രവർത്തനം അദ്ദേഹം അഭ്യർത്ഥിച്ചു. സംഘടനയിൽ ചേരാതെ മാറിനിൽക്കുന്ന നമ്മുടെമുൻ സഹപ്രവർത്തകരെ സംഘടനയിൽ ചേർക്കുവാൻ ശ്രമിക്കേണ്ടതാണെന്ന് ഓർമമിപ്പിച്ചു. ജില്ലാ പ്രസിഡണ്ട് ശ്രീ.എം.ജി.രാഘവൻ ആനുകാലിക സംഭവങ്ങളെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം പെൻഷൻ പരിഷ്കരണം, ബെനവലന്റ് ഫണ്ട് സ്കീം, നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി സംസാരിച്ചു. നമ്മുടെ 'ഒയാസിസ് ബുള്ളറ്റിൻ' കൂടുതൽ മികവുറ്റതാക്കാൻ അംഗങ്ങൾ പ്രസിദ്ധീകരണങ്ങൾ നൽകി സഹകരിയ്ക്കണമെന്ന് അഭ്യർത്ഥിച്ചു.എല്ലാ അംഗങ്ങളും സൊസൈറ്റി അംഗത്വം എടുക്കുവാൻ ശ്രദ്ധിയ്ക്കണ മെന്നും അറിയിച്ചു. ഡി.ജി.എസ്. ശ്രീ.മാത്യു അടക്കാ മുണ്ടക്കൽ സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.



ചങ്ങനാശ്ശേരി ഏരിയ കമ്മറ്റിയുടെ ഓൺ ലൈൻ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ

ലൈഫ്സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാര്യങ്ങൾ , ബ്രാഞ്ചു കളിൽ പെൻഷനേർസ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ഫിസിക്കൽ ഫോമിലുള്ള ഷെയർ സർട്ടിഫിക്കറ്റുകൾ അത്യാവശ്യമായി ഡിമാറ്റ് ചെയ്യേണ്ടആവശ്യം, സ്ട്രച്ചേർഡ് മീറ്റിംഗിലെ തീരുമാനങ്ങൾ, പോളിസി – ബി ( SBI health assist ) ഇൻഷുറൻസ് ജനുവരി ആദ്യവാരം പുതുക്കേണ്ടതിനെപ്പറ്റിയും, വീട്ടുപടിക്കൽ മരുന്നു ലഭ്യമാകുന്ന ഈ ഫാർമസി സൗകര്യത്തെകുറിച്ചും, പെൻഷൻ അപ്ഡേഷൻ സംബന്ധിച്ച് ഫെഡറേഷൻ പ്രസിഡന്റ് ശ്രീ.ജി.കെ.ഗാന്ധി നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങളും, ഓഫീസിൽ വിധാൽ ഹെൽത്ത് ഇൻഷുറൻസ് റെപ്രെസെൻന്റേറ്റീവ് സഹായത്തിനായി ഉള്ള വിവരങ്ങളും, ഫാമിലി പെൻഷനേർസിന് ലാസ്റ്റ് ഡ്രോൺ സാലറിയുടെ 30% പെൻഷൻ ലഭ്യമാകുന്ന കാര്യവും വളരെ വിശദമായി സംസാരിച്ചു. സംസ്ഥാനത്ത് മൊത്തം 8233 അംഗങ്ങളും, കോട്ടയം ജില്ലയിൽ 581 അംഗങ്ങളും ഉണ്ടെന്നും അത് 1000 ആക്കുവാൻ എല്ലാവരും സഹകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വൈസ് പ്രസിഡണ്ട് ശ്രീ കെ എൻ വിശ്വനാഥൻ നായർ , A.G.S. ശ്രീ.രാജ്മോഹനൻ നായർ, സ്റ്റേറ്റ് കമ്മറ്റി അംഗം ശ്രീമതി.റൈസാ ബീഗം എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. തുടർന്നു നടന്ന പൊതു ചർച്ചയിൽ ഉയർന്ന നിർദ്ദേശങ്ങൾക്കും, സംശയങ്ങൾക്കും ജില്ലാ ഭാരവാഹികൾ മറുപടിനൽകി. ശ്രീ.വി.ആർ. ബാലകൃഷ്ണൻ നായർ അംഗങ്ങൾക്ക് സൗജന്യമായി യോഗ പരിശീലനം നൽകാമെന്ന് അറിയിച്ചു. അംഗങ്ങൾ ഈഅവസരം പ്രയോജനപ്പെടുത്തുക. നന്ദി പ്രകാശന ത്തോടെ 5 മണിക്ക് യോഗം അവസാനിച്ചു.

## വൈക്കം ഏരിയ കമ്മറ്റി യോഗം
### 29.11.2020 ഞായറാഴ്ച രാവിലെ 11 മണിക്ക് നടത്തി


വൈക്കം ഏരിയ കമ്മറ്റി യോഗം 29.11.2020 ഞായറാഴ്ച രാവിലെ 11 മണിക്ക് സൂം മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി എന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. പ്രസിഡണ്ട്, സെക്രട്ടറി, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി തുടങ്ങിയ ഓഫീസ് ബെയറേഴ്സും പങ്കെടുത്തു. പ്രോഗ്രാം ഏകോപനം ശ്രീ.വി.ആർ. ബാലകൃഷ്ണൻ നായർ. നടത്തി. 30 അംഗങ്ങൾ പങ്കെടുത്തു. കൺവീനർ പി.പി.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ജോയിന്റ് കൺവീനർ ശ്രീ. രാജഗോപാൽ സംസാരിച്ചു. വൈക്കം ഏരിയയിലെ ചൈത്രവാടി, തലയോലപ്പറമ്പ് ശ്രീ സി കെ ശശിധരന്റെ നിര്യാണത്തിൽ യോഗം അനുശോചിച്ചു.



ജോയിന്റ് കൺവീനർ ശ്രീ. രാജഗോപാൽ

തുടർന്ന് ശ്രീ പി എം ജേക്കബ് ,ഡിസ്ട്രിക്ട് സെക്രട്ടറി സംസാരിച്ചു. ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ ആനുകാലിക സംഭവങ്ങളെക്കുറിച്ച് സംസാരിച്ചു. ഡി.ജി.എസ്. ശ്രീ.മാത്യു അടക്കാ മുണ്ടക്കൽ സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

A.G.S. ശ്രീ.രാജ്മോഹനൻ നായർ, വൈസ് പ്രസിഡണ്ട് ശ്രീ കെ എൻ വിശ്വനാഥൻ നായർ , സ്റ്റേറ്റ് കമ്മറ്റി അംഗം ശ്രീമതി.റൈസാ ബീഗം എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. തുടർന്നു നടന്ന പൊതു ചർച്ചയിൽ പങ്കെടുത്ത് ശ്രീ.കെ.ജി.രവീന്ദ്രൻ, സി.കെ.ഗോപി, തുടങ്ങിയ പ്രമുഖർ സംസാരിച്ചു. മുൻ ജില്ലാ പ്രസിഡന്റ് ശ്രീ.പി.യു.ചെല്ലപ്പൻ അസുഖ ബാധിതനായി കാരിത്താസ് ആശുപത്രിയിൽ ചികിത്സയിലാണെന്ന വിവരം അറിയിച്ചു. അദ്ദേഹത്തിന് വേഗം സുഖമാവട്ടെയെന്ന് യോഗം ആശംസിച്ചു. ചർച്ചയിൽ ഉയർന്ന നിർദ്ദേശങ്ങൾക്കും, സംശയങ്ങൾക്കും ജില്ലാ ഭാരവാഹികൾ മറുപടിനൽകി. ഏരിയാക്കമ്മറ്റി മെമ്പർ ശ്രീ.എം.ആർ.സ്റ്റാലിൻ കൃതഞ്ജത പ്രകാശിപ്പിച്ചു. മീറ്റിംഗ് ഗംഭീരമാക്കാൻ സഹായിച്ച ശ്രീ.വി.ആർ. ബാലകൃഷ്ണൻ നായരെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. 1.30ന് യോഗം അവസാനിച്ചു.



വൈക്കം ഏരിയ കമ്മറ്റി യോഗം 29.11.2020 ഞായറാഴ്ച രാവിലെ 11 മണിക്ക് സൂം മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം




**International Men's Day** (**IMD**) is an annual international event celebrated on the 19th of November.




പുരുഷന്മാരുടെ അവകാശങ്ങൾക്കായി ഇന്ത്യയിൽ നടന്ന പ്രകടനത്തിൽ നിന്ന്.



# എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ഏറ്റുമാനൂർ ഏരിയ മീറ്റിംഗ്

**28.11.2020 ശനിയാഴ്ച്ച 11 മണിക്ക് ഏരിയ കൺവീനർ ശ്രീ. സി. പി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. 27 അംഗങ്ങൾ പങ്കെടുത്തു. ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കൺവീനർ സ്വാഗതവും തുടർന്ന് അദ്ധ്യക്ഷ പ്രസംഗവും നടത്തി. അതിരമ്പുഴയിൽനിന്നും റിട്ടയർ ചെയ്ത ശ്രീമതി രാജമ്മ എറണാകുളം സോണിലെ നമ്മുടെ മെമ്പർ പോൾ ജേക്കബ് മാമ്പള്ളി എന്നിവരുടെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതുപോലുള്ള മീറ്റിംഗുകളുടെ ആവശ്യതകളെ ക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ഈ ഏരിയയിൽ പത്തിലധികം പുതിയ അംഗങ്ങളെ ചേർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാരണം ആരെയും നേരിട്ട് കാണുവാനോ മെമ്പർഷിപ് കൂടുതലായി കൂട്ടുവാനോ കഴിഞ്ഞിട്ടില്ല. ഇനിയും അതിന്നായി ശ്രമിക്കുന്നതായിരിക്കും.**



അദ്ധ്യക്ഷ പ്രസംഗം നടത്തുന്ന ഏരിയ കൺവീനർ ശ്രീ.സി.പി.മാത്യു.

**ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ ആനുകാലിക സംഭവങ്ങളെക്കുറിച്ചും ജില്ലയിലെ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു. അദ്ദേഹം പെൻഷൻ പരിഷ്കരണം, ബെനവലന്റ് ഫണ്ട് സ്കീം, നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി സംസാരിച്ചു. നമ്മുടെ 'ഒയാസിസ് ബുള്ളറ്റിൻ' കൂടുതൽ മികവുറ്റതാക്കാൻ അംഗങ്ങൾ പ്രസിദ്ധീകരണങ്ങൾ നൽകി സഹകരിയ്ക്കണമെന്ന് അഭ്യർത്ഥിച്ചു. എല്ലാ അംഗങ്ങളും സൊസൈറ്റി അംഗത്വം എടുക്കുവാൻ ശ്രദ്ധിയ്ക്കണ മെന്നും അറിയിച്ചു. ഡി.ജി.എസ്. ശ്രീ.മാത്യു അടക്കാമുണ്ടക്കൽ സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.**

**ലൈഫ്സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടകാര്യങ്ങൾ, ബ്രാഞ്ചുകളിൽ പെൻഷനേർസ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ഫിസിക്കൽ ഫോമിലുള്ള ഷെയർ സർട്ടിഫി ക്കറ്റുകൾ അത്യാവശ്യമായി ഡിമാറ്റ് ചെയ്യേണ്ട ആവശ്യം, സ്ട്രച്ചേർഡ് മീറ്റിംഗിലെ തീരുമാനങ്ങൾ, പോളിസി – ബി (SBI health assist) ഇൻഷുറൻസ് ജനുവരി ആദ്യവാരം പുതുക്കേണ്ടതിനെപ്പറ്റിയും, വീട്ടുപടിക്കൽ മരുന്നു ലഭ്യമാകുന്ന ഈ ഫാർമസി സൗകര്യത്തെകുറിച്ചും,പെൻഷൻ അപ്ഡേഷൻ സംബന്ധിച്ച് ഫെഡറേഷൻ പ്രസിഡന്റ് ശ്രീ.ജി.കെ.ഗാന്ധി നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങളും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ വിധാൽ ഹെൽത്ത് ഇൻഷുറൻസ് റെപ്രസെന്റേറ്റീവ് സഹായത്തിനായി ഉള്ള വിവരങ്ങളും, ഫാമിലി പെൻഷനേർസിന് ലാസ്റ്റ് ഡ്രോൺ സാലറിയുടെ 30% പെൻഷൻ ലഭ്യമാകുന്ന കാര്യവും വളരെ വിശദമായി സംസാരിച്ചു. സംസ്ഥാനത്ത് മൊത്തം 8233 അംഗങ്ങളും, കോട്ടയം ജില്ലയിൽ 581 അംഗങ്ങളും ഉണ്ടെന്നും അത് 1000 ആക്കുവാൻ എല്ലാവരും സഹകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.**

**സ്റ്റേറ്റ് കമ്മറ്റി അംഗം ശ്രീമതി.റൈസാ ബീഗം തന്റെ ആശംസാപ്രസംഗത്തിൽ കുറച്ചു പേരോടൊപ്പമെങ്കിലും മീറ്റിംഗിൽ പങ്കെടുക്കാൻ കഴിഞ്ഞതിന്റെ സന്തോഷം പങ്കിട്ടു. ശ്രീമതി രാജമ്മ ബി അതിരമ്പുഴയിൽ ഒന്നിച്ചിണ്ടായിരുന്ന ഓർമ്മകൾ പങ്കുവെക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. നമ്മുടെ മരുന്നു വിതരണത്തിലുള്ള അപാകതകൾ ചൂണ്ടിക്കാണിക്കുകയും അവ പരിഹരിക്കുവാനുള്ള ശ്രമങ്ങൾ തുടരുമെന്നും അറിയിച്ചു. അംഗങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ അക്കമിട്ടു ഓർമ്മിപ്പിച്ചു .മെമ്പർഷിപ് കൂട്ടാൻഅംഗങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചു. അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ശ്രീ. പി.എസ്. രാജ്മോഹനൻ നായർ ഏറ്റുമാനൂരിലെ പ്രവർത്തനങ്ങൾക്ക് ആശംസകൾ അർപ്പിച്ചു. തുടർന്നു നടന്ന പൊതു ചർച്ചയിൽ ഉയർന്ന നിർദ്ദേശങ്ങൾക്കും, സംശയങ്ങൾക്കും ജില്ലാ ഭാരവാഹികൾ മറുപടിനൽകി.ശ്രീമതി വിലാസിനി 2014 മുതലുള്ള stagnation arrears കിട്ടാത്തതിനെപ്പറ്റി സംസാരിച്ചു.**

**ശ്രീ.വി.ആർ.ബാലകൃഷ്ണൻ നായർ അംഗങ്ങൾക്ക് സൗജന്യമായി യോഗ പരിശീലനം നൽകാമെന്ന് അറിയിച്ചു. അംഗങ്ങൾ ഈഅവസരം പ്രയോജനപ്പെടുത്തുക.വളരെ നല്ല ഒരു യോഗത്തിൽ പങ്കെടുത്തതിന്റെ സന്തോഷം എല്ലാവരും പങ്കുവെച്ചു. ശ്രീ ജോർജ് തോമസിന്റെ നന്ദി പ്രകാശനത്തോടെ ഉച്ചക്ക് ഒന്നേകാൽ മണിക്ക് യോഗം അവസാനിച്ചു.**

.




**National Milk Day** is celebrated across the country on **November 26** every year on the birthday of **Dr Verghese Kurien.** This day marks the birth anniversary of Verghese Kurien, the **Father of White Revolution** in India. India is celebrating **98th** birth anniversary of Dr Kurien this year.

**എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ കാഞ്ഞിരപ്പള്ളി ഏരിയ മീറ്റിംഗ് 30.11.2020ന് 3 മണിക്ക് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി**




# എസ്.ബി.ഐ.യുടെ മുൻ ചെയർമാൻ

# പി.ജി.കാക്കോദ്ക്കർ



ശ്രീ.പി.ജി.കാക്കോദ്ക്കർ

എസ്.ബി.ഐ.യുടെ മുൻ ചെയർമാൻ ശ്രീ.പി.ജി. കാകോദ്ക്കർ നിര്യാതനായി. 83 വയസ്സായിരുന്നു. ഹൃദയാഘാതത്തെത്തുടർന്നായിരുന്നു അന്ത്യം. 1957ൽ പ്രൊബേഷനറി അസിസ്റ്റന്റ് ആയി ആരംഭിച്ച ബാങ്ക് ജീവനം 1997 മാർച്ചിൽ ചെയർമാനായി വിരമിക്കുന്നത് വരെ തുടർന്നു. 1997 മുതൽ 1999 വരെ ഗോവ സംസ്ഥാനത്തെ പബ്ലിക് സർവീസ് കമ്മിഷൻ ചെയർമാനായും പ്രവർത്തിച്ചു.

**അദ്ദേഹത്തിന്റെ വിയോഗത്തിൽ ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷനും പങ്കു ചേരുന്നു.**

ആദരാഞ്ജലികൾ!!

# ശ്രീ സി.കെ.ശശിധരൻ



ശ്രീ സി കെ ശശിധരൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം വൈക്കം ഏരിയയിലെ ശ്രീ സി കെ ശശിധരൻ ചൈത്രവാടി, തലയോലപ്പറമ്പ് നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു 71 വയസ്സായിരുന്നു. വൈക്കം ഏരിയാ കമ്മറ്റി ജോയിന്റ് കൺവീനർ ശ്രീ. ഡി. കെ. രാജഗോപാൽ, ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി. രാഘവൻ എന്നിവർ ഭവനത്തിലെത്തി റീത്ത് സമർപ്പിക്കുകയും കടുംബാംഗങ്ങളെ സമാശ്വസിപ്പിക്കുകയും ചെയ്തു. ശവസംസ്കാര **ചടങ്ങുകൾ ആപ്പാഞ്ചിറ** അടുത്തുള്ള പൂഴിക്കോൽ സെമിത്തേരിയിൽ **നടത്തി**. ദുഃഖാർത്തരായ **കുടുംബാംഗങ്ങ**ളോട് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.



**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ വൈക്കം ഏരിയാക്കമ്മറ്റി ജോയിന്റ് കൺവീനർ ശ്രീ. ഡി.കെ.രാജഗോപാൽ, ശ്രീ. സി. കെ. ശശിധരന്റെ മൃത ദേഹത്തിൽ റീത്ത് സമർപ്പിക്കുന്നു.**

# പി.എ.സുലൈമാൻ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ചങ്ങനാശേരി ഫാത്തിമാപുരം ഹസീന മാൻസിലിൽ പി.എ.സുലൈമാൻ (LM 7101) മരണപ്പെട്ട വിവരം വ്യസന സമേതം അറിയിക്കുന്നു. 79 വയസ്സായിരുന്നു. ശ്രീ.പി എ സുലൈമാന്റെ കബറടക്കം ചങ്ങനാശ്ശേരി പുതൂർ പള്ളി കബർസ്ഥാനിൽ നടത്തി.

കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# ജോർജ് സഖറിയയ്ക്കു ആദരാഞ്ജലികൾ

ഇ-എസ്.ബിറ്റി.ഓഫീസേഴ്സ് അസ്സോസിയേഷന്റെ സോണൽ സെക്രട്ടറിയായിരുന്ന ശ്രീ.ജോർജ്ജ് സഖറിയാ, മുഞ്ഞനാട്ട് വീട്, മറിയപ്പള്ളി, നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. ശവസംസ്കാരം കോട്ടയം കെ.കെ. റോഡിലുള്ള ജെറുസലേം മാർത്തോമ്മപ്പള്ളി സെമിത്തേരിയിൽ നടത്തി. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. കുടുംബാംഗങ്ങളോട് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു .

**ആദരാഞ്ജലികൾ!!**



ശ്രീ. ജോർജ് സഖറിയ

# ശ്രീ.ആർ.കല്യാണിപ്പിള്ള

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം (എൽ.എം.2449) ശ്രീ.ആർ.കല്യാണിപ്പിള്ള അദ്ദേഹത്തിന്റെ മകളുടെ ശാസ്തമംഗലത്തുള്ള ഭഗവതി ലെയിനിലെ 51 ബി, ഭവനത്തിൽ വച്ച് അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.



ശ്രീ.ആർ.കല്യാണിപ്പിള്ള

71 വയസ്സായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.

# ശ്രീ.ഇബ്രാഹിം.കെ.എം


**ശ്രീ.ഇബ്രാഹിം.കെ.എം (എൽ.എം.3118) എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ വച്ച് നിര്യാതനായ വിവരം ഏറെ ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. പൂജപ്പുര വസതിയിലേയ്ക്കടുത്ത മൃതദേഹം കരമന വലിയ പള്ളിയിൽ കബറടക്കി.**



ശ്രീ.ഇബ്രാഹിം.കെ.എം

കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. .പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു

# പ്രൊഫ.എ.സി.ജോസഫ്




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ യൂണിറ്റ് അംഗം **ശ്രീ.എ.സി.ആൻഡ്രൂസിന്റെ** സഹോദരൻ **പ്രൊഫ.എ.സി.ജോസഫ്, നിര്യാതനായ വിവരം ഏറെ ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു.**

**കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു**

# ശ്രീ.പി.സേതുമാധവൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **കോഴിക്കോട്** യൂണിറ്റ് അംഗം **കോഴിക്കോട് ശാഖയിൽ നിന്നും വിരമിച്ച ശ്രീ..പി.സേതുമാധവൻ (എൽ.എം.1417)** നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.



**ശ്രീ.പി.സേതുമാധവൻ**

**72 വയസ്സായിരുന്നു.** ദുഃഖാർത്തരായ **കുടുംബാംഗങ്ങളോട്** എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

## ശ്രീമതി. സുധാമണിയമ്മാൾ (67)

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി യൂണിറ്റ് അംഗം തൊടുപുഴ ആനക്കൂട്, ഐശ്വര്യ ഭവനിൽ VK.സദാശിവൻപിള്ളയുടെ (Retd.Chief Manager, SBI) ഭാര്യ 'സുധാമണിയമ്മാൾ .(67) ( Retd.HeadmistreSS, BTM LP School, Kummankallu) അന്തരിച്ചു.**



ശ്രീമതി. സുധാമണിയമ്മാൾ

**മക്കൾ - ദീപ (KSFE, Moovattupuzha) ദിനിൽ (MES College, Valanchery), ദിവ്യ (DELOITTE, Banglore. മരുമക്കൾ-ഷാജി, റാണി, അഭിലാഷ്. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാ ത്മാവിന് നിത്യശാന്തി നേരുന്നു**

## ബാലസുബ്രഹ്മണ്യൻ (75)



**ബാലസുബ്രഹ്മണ്യൻ**

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **പാലക്കാട്** യൂണിറ്റ് അംഗം **എസ്.ബി.ഐ.യിൽ നിന്നും വിരമിച്ച പാലഞ്ചീരിക്കളത്തിൽ 'കാർത്തിക'യിൽ ബാലസുബ്രഹ്മണ്യൻ (75) അന്തരിച്ചു. ഇന്ത്യൻ നേവിയിലും സേവനമനഷ്ഠിച്ചിട്ടു ്. ഭാര്യ: മലയരികിൽ സാവിത്രി മക്കൾ: സൂരജ്, സുശീല, മരുമക്കൾ: സ്മിത, അച്ചുതൻ കുട്ടി. ശവസംസ്കാരം മേലൂരിലെ വീട്ടുവളപ്പിൽ നടത്തി.** ദുഃഖാർത്ത രായ **കുടുംബാംഗങ്ങളോട്** എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

## പോൾ ജേക്കബ്ബ് മാമ്പിള്ളി (68)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം (എൽ.എം.3826) ശ്രീ. പോൾ ജേക്കബ്ബ് മാമ്പിള്ളി നിര്യാതനായ വിവരം അത്യന്തം വ്യസനത്തോടെ അറിയിക്കുന്നു.



പോൾ ജേക്കബ്ബ് മാമ്പിള്ളി

68 വയസ്സായിരുന്നു. ഭാര്യ ശ്രീമതി.ബാർബര പോൾ മാമ്പിള്ളിയും സ്റ്റേറ്റ് ബാങ്ക് ഉദ്യോഗസ്ഥയായിരുന്നു. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# ഡീഗോ മറഡോണ അന്തരിച്ചു

**അറുപതാം പിറന്നാളാഘോഷിച്ച് ഒരു മാസം തികയും മുൻപേ 1986 ലോകകപ്പ് ജേതാവായ, മനഷ്യർക്കിടയിലെ ദൈവമായി അറിയപ്പെട്ടിരുന്ന, അർജന്റീനയുടെ സ്വന്തം ''മാറാഡൂ'' മടക്കയാത്രയായി.**

ഡീഗോ അർമാൻഡോ മറഡോണ ( ജനനം . ഒക്ടോബർ 30, 1960, ബ്യൂണസ് അയേഴ്സ്, അർജന്റീന, മരണം, 25 നവംബർ, 2020. ആധുനിക ഫുട്ബോളിലെ ഏറ്റവും ശ്രദ്ധേയരായ കളിക്കാരിലൊരാളായിരുന്നു. അർജന്റീനയെ 1986-ലെ ലോകകപ്പ് കിരീടത്തിലേക്കു നയിച്ചതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. ഇരുപതാം നൂറ്റാണ്ടിലെ മികച്ച ഫുട്ബോൾ കളിക്കാരൻ എന്ന ഫിഫയുടെ ബഹുമതി പെലെക്കൊപ്പം മറഡോണ പങ്കു വക്കുന്നു.

തന്റെ പ്രൊഫഷണൽ ക്ലബ് ഫുട്ബോൾ ജീവിതത്തിൽ, അർജന്റീനോസ് ജൂനിയേഴ്സ്, ബോക്ക ജൂനിയേഴ്സ്, ബാഴ്സലോണ, നാപ്പോളി, സെവിയ്യ, നെവെൽസ് ഓൾഡ് ബോയ്സ് എന്നീ പ്രമുഖ ക്ലബുകൾക്ക് വേണ്ടി കളിച്ചിട്ടുള്ള കൈമാറ്റത്തുകയിൽ ചരിത്രം സൃഷ്ടിച്ചിട്ടിട്ടുണ്ട്. അന്താരാഷ്ട്രഫുട്ബോളിൽ അർജന്റീനക്ക് വേണ്ടി 91 കളികൾ കളിച്ച മറഡോണ 34 ഗോളുകൾ നേടിയിട്ടുണ്ട്.




ഡീഗോ അർമാൻഡോ മറഡോണ

1982 മുതൽ 1994 വരെയുള്ള നാല് ലോകകപ്പുകളിൽ അർജന്റീനക്കു വേണ്ടി മറഡോണ കളിച്ചിട്ടുണ്ട്. അതിൽ 1986 ലെ ലോകകപ്പാണ് ഏറ്റവും അവിസ്മരണീയമാക്കിയത്. മറഡോണയുടെ നായകത്വത്തിൽ കളിച്ച അർജന്റീന ടീം ഫൈനലിൽ പശ്ചിമജർമ്മനിയെ പരാജയപ്പെടുത്തി ഈ ലോകകപ്പ് നേടുകയും മികച്ച കളിക്കാരനുള്ള ഗോൾഡൻ ബോൾ മറഡോണ സ്വന്തമാക്കുകയും ചെയ്തു. ഈ ടൂർണമെന്റിലെ ക്വാർട്ടർ ഫൈനലിൽ ഇംഗ്ലണ്ടിനെ തിരെയുള്ള കളിയിൽ മറഡോണ നേടിയ രണ്ടു ഗോളുകൾ ചരിത്ര ത്തിലിടംപിടിച്ചു. റഫറിയുടെ ശ്രദ്ധയിൽപ്പെടാതെ കൈ കൊണ്ട് തട്ടിയിട്ട് നേടിയ ആദ്യത്തെ ഗോൾ ദൈവത്തിന്റെ കൈ എന്ന പേരിലും, ആറ് ഇംഗ്ലണ്ട് കളിക്കാരെ വെട്ടിച്ച് 60 മീറ്റർ ഓടി നേടിയ രണ്ടാം ഗോൾ നൂറ്റാണ്ടിന്റെ ഗോൾ ആയും വിശേഷിപ്പിക്കപ്പെടുന്നു. കളിയിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് അർജന്റീന ഇംഗ്ലണ്ടിനെ തോൽപ്പിച്ചു.

ലോകമെമ്പാടുമുള്ള ആരാധകവൃന്ദങ്ങൾ കൊണ്ടും ശ്രദ്ധേയനാണു മറഡോണ. കാൽപന്തു കളിയിലെ ദൈവം എന്നുപോലും ചിലയവസരങ്ങളിൽ ഇദ്ദേഹം വിശേഷിപ്പിക്കപ്പെട്ടു. ലോകകപ്പുകളിലും, ക്ലബ് ഫുട്ബോളിലും രാജ്യാന്തര ഫുട്ബോളിലും നടത്തിയ മികവാർന്ന പ്രകടനങ്ങളെക്കാൾ സംഭവബഹുലമായിരുന്നു മറഡോണയുടെ പൊതുജീവിതം. മയക്കുമരുന്നുപയോഗം, വിവാഹേതരബന്ധങ്ങൾ എന്നിങ്ങനെ ഒട്ടേറെ സംഭവങ്ങളിലൂടെ അദ്ദേഹം കുപ്രസിദ്ധി നേടി.





## ഉപദേശക സമിതി

ശ്രീ.കെ.രാജീവൻ,
സംസ്ഥാന പ്രസിഡന്റ്

എ.ജയകുമാർ,
സംസ്ഥാന സെക്രട്ടറി

## പത്രാധിപ സമിതി

**രക്ഷാധികാരി**

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

മാനേജിംഗ് എഡിറ്റർ

**ശ്രീ.എം.ജി.രാഘവൻ**

ചീഫ് എഡിറ്റർ

**ശ്രീ.പി.പി.ഫിലിപ്പ്**

**പത്രാധിപ സമിതി അംഗങ്ങൾ**

പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

## അഭിനന്ദനങ്ങൾ!!



**ശ്രീ.രാധാകൃഷ്ണൻ പുല്ലഞ്ചേരി**

നമ്മുടെ പുതിയ വെബ്സൈറ്റിന്റെ പൂർത്തീകരണത്തിന് പാലക്കാട് ജില്ലാ സെക്രട്ടറി ശ്രീ.രാധാകൃഷ്ണൻ പുല്ലഞ്ചേരി വഹിച്ച സ്തുത്യർഹമായ പങ്ക് എടുത്ത് പറയാതെ വയ്യ.
അഭിനന്ദനങ്ങൾ!!



ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടെക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.

ചീഫ് എഡിറ്റർ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

കടപ്പാട് വിക്കിപീഡിയ,